


PUBLISHED FROM KOZHIKODE & THIRUVANANTHAPURAM

www.newskeraladaily.in

കോഴിക്കോട് & തിരുവനന്തപുരം

# ന്യൂസ് കേരള

Estd:1993 പുസ്തകം 29 ലക്കം 150






### മാത്യു കുഴൽനാടന്റെ അവകാശ ലംഘന നോട്ടീസ്:

# സ്പീക്കർ മുഖ്യമന്ത്രിയുടെ പ്രതികരണം തേടി




തിരുവനന്തപുരം: മാത്യു കുഴൽനാടൻ എംഎൽഎയുടെ അവകാശലംഘന നോട്ടിസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രതികരണം സ്പീക്കർ എം.ബി.രാജേഷ് തേടി. നടപടി മെന്റർ വിവാദത്തിൽ മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചെന്ന അവകാശലംഘന നോട്ടിസിനെ തുടർന്നാണ്. മുഖ്യമന്ത്രിയുടെ മകൾ വീണ പിഡബ്ല്യുസി ഡയറക്ടർ ജെയിക് ബാലകുമാറിനെ മെന്റർ എന്നു വിശേഷിപ്പിച്ചു എന്നായിരുന്നു കുഴൽനാടന്റെ പരാമർശം. എന്നാൽ മകൾ അങ്ങനെ വിശേഷിപ്പിച്ചിട്ടില്ലെന്നും കുഴൽനാടൻ പറഞ്ഞത് പച്ചകള്ളമാണെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞിരുന്നത്. ഇതിനെതിരെയാണ് കുഴൽനാടൻ അവകാശ ലംഘന നോട്ടിസ് നൽകിയത്.

വീണാ വിജയൻ വീട്ടിലിരിക്കുന്ന വ്യക്തി അല്ലെന്നും മുഖ്യമന്ത്രിയുടെ ക്ഷോഭം തന്നെ അമ്പരപ്പിച്ചുവെന്നും കുഴൽനാടൻ പറഞ്ഞിരുന്നു. സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയ നോട്ടിസ് പ്രതിപക്ഷം നൽകുകയും അതിന്മേൽ ചർച്ച നടത്താന് സർക്കാർ തീരുമാനിക്കുകയും ചെയ്തിരുന്നു.

ഈ ചർച്ചയിൽ സംസാരിക്കുമ്പോഴാണ് മാത്യു കുഴൽനാടൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾക്കെതിരെ ചില പരാമർശങ്ങൾ നടത്തിയത്. പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് (പിഡബ്ലുസി) ഡയറക്ടർ ജെയ്ക് ബാലകുമാർ മെന്ററെപ്പോലെയാണെന്നു മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻ തന്റെ എക്സാലോജിക് സൊലൂഷൻസ് കമ്പനിയുടെ വെബ്സൈറ്റിൽ കുറിച്ചിരുന്നു എന്നാണു കുഴൽനാടൻ ആരോപിച്ചത്.

സ്വപ്ന സുരേഷിന് ഐടി വകുപ്പിനു കീഴിലെ സ്പേസ് പാർക്കിൽ ജോലി ലഭിച്ചതു കൺസൽറ്റൻസി കമ്പനിയായ പിഡബ്ല്യുസി വഴിയാണ് എന്ന ആരോപണം വന്നതിനു പിന്നാലെ വീണയുടെ കമ്പനിയുടെ വെബ്സൈറ്റ് 'ഡൗൺ' ആയി. പിന്നീട് 'അപ്' ആയപ്പോൾ ഈ പരാമർശം നീക്കിയിരുന്നുവെന്നും കുഴൽനാടൻ ആരോപിച്ചിരുന്നു.

ഇതിനോട് വളരെ രൂക്ഷമായാണ് മുഖ്യമന്ത്രി അന്ന് പ്രതികരിച്ചത്. പച്ചക്കള്ളമാണു പറയുന്നതെന്നും പിഡബ്ല്യുസി ഡയറക്ടറെ ഒരു ഘട്ടത്തിലും മെന്ററായി തന്റെ മകൾ പറഞ്ഞിട്ടില്ലെന്നും മുഖ്യമന്ത്രിയും പറഞ്ഞിരുന്നു. വീട്ടിലിരിക്കുന്നവരെ ആക്ഷേപിക്കുന്നതല്ല സംസ്കാരമെന്നും അതിനല്ല നിയമസഭയെന്നും ഉള്ള മുഖ്യമന്ത്രിയുടെ പരാമർശത്തെതുടർന്നുള്ള വാർത്താ സമ്മേളനത്തിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ കുഴൽനാടൻ പുറത്തുവിടുകയും ചെയ്തു. അതിനു പിന്നാലെ മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നു കാണിച്ചാണ് കുഴൽനാടൻ അവകാശലംഘന നോട്ടിസ് നൽകിയത്.

### ഹാഷ് വാല്യു മാറിയതിൽ അന്വേഷണം:

# മെമ്മറി കാർഡ് കണ്ടിട്ടില്ലെന്ന് സുനിയുടെ അഭിഭാഷകൻ

കൊച്ചി: നടിയെ ആക്രമിച്ച കേസിലെ നിർണായക തെളിവായ വിഡിയോ ദൃശ്യങ്ങളുടെ ഹാഷ് വാല്യു മാറിയതിനെക്കുറിച്ച് അന്വേഷണത്തിനൊരുങ്ങി ക്രൈംബ്രാഞ്ച്. ഇക്കാര്യത്തിൽ കോടതി ജീവനക്കാരെ ചോദ്യം ചെയ്യാൻ അന്വേഷണ സംഘം ഹൈക്കോടതിയിൽ അപേക്ഷ നൽകും. നേരത്തെ പ്രിൻസിപ്പൽ സെഷൻസ് കോടതി ജീവനക്കാരെ ചോദ്യം ചെയ്യുന്നതിനു വിചാരണക്കോടതിയോട് അനുമതി തേടിയിരുന്നു. എന്നാൽ ഇതിനു പ്രത്യേക അനുമതി ആവശ്യമില്ലെന്ന നിലപാടായിരുന്നു കോടതി സ്വീകരിച്ചത്. ഇതിനിടെയാണ് മെമ്മറി കാർഡ് ഫോറൻസിക് പരിശോധനയ്ക്കു വിധേയമാക്കണമെന്ന ആവശ്യവുമായി അന്വേഷണ സംഘം ഹൈക്കോടതിയെ സമീപിച്ചത്. കോടതി അനുമതിയിൽ നടത്തിയ പരിശോധനയിൽ ഹാഷ് വാല്യു മാറിയതു വ്യക്തമായ സാഹചര്യത്തിലാണ് അന്വേഷണ സംഘം കോടതി ജീവനക്കാരെ ചോദ്യം ചെയ്യുന്നതിന് അനുമതി തേടാൻ തയാറെടുക്കുന്നത്. ഇതിനിടെ മെമ്മറി കാർഡ് പരിശോധിച്ചത് പൾസർ സുനിയുടെ അഭിഭാഷകനാണ് എന്ന വാദം ഉയർന്നിരുന്നു. എന്നാൽ താൻ മെമ്മറി കാർഡ് കണ്ടിട്ടില്ലെന്നാണ് പൾസർ സുനിയുടെ അഭിഭാഷകൻ പ്രതീഷ് കുറുപ്പു പറയുന്നത്. കണ്ടത് പെൻഡ്രൈവാണെന്നും അതു കോടതിയുടെ ലാപ്ടോപ്പിൽ ഉച്ചയ്ക്കു മൂന്നു മണിക്കാണു കണ്ടതെന്നും പറയുന്നു. ഫോറൻസിക് പരിശോധനാ ഫലം അനുസരിച്ച് പ്രതീഷ് കുറുപ്പ് പെൻഡ്രൈവ് പരിശോധിച്ച 2021 ജൂലൈ 19നു ഉച്ചയ്ക്ക് 12.30നു ജിയോ സിംകാർഡ് ഉപയോഗിക്കുന്ന വിവോ ഫോണിലിട്ടാണ് മെമ്മറി കാർഡ് പരിശോധിച്ചിരിക്കുന്നത്. ഇത് ട്രഷറിയിൽ നിന്നു കോടതിയുടെ നിർദേശപ്രകാരം എത്തിച്ച സമയത്താണ് എന്നാണു വിലയിരുത്തൽ.

# കെഎസ്ആർടിസി: ഡീസൽ ഇല്ലാതെ ബസ് ഓടിക്കാൻ കഴിഞ്ഞാൽ ശമ്പളം നൽകാമെന്ന് ഗതാഗത മന്ത്രി

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയിൽ ഉന്നതതല ഓഡിറ്റ് വേണമെന്ന് ഹൈക്കോടതിയുടെ ഉത്തരവില്ലെന്ന് ഗതാഗത മന്ത്രി ആന്റണി രാജു നിയമസഭയിൽ. കോടതി വാക്കാലുള്ള പരാമർശം മാത്രമാണ് നടത്തിയിട്ടുള്ളതെന്നും മന്ത്രി വിശദീകരിച്ചു.

സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും എൽദോസ് പി. കുന്നപ്പിള്ളിയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി സഭയിൽ വ്യക്തമാക്കി.

ശമ്പളം കൊടുക്കുന്നതിന് ആദ്യ പരിഗണന നൽകണമെന്ന് കോടതി പറഞ്ഞിട്ടില്ലന്ന് എംഎൽഎ എ വിൻസെന്റിന്റെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. ശമ്പളം നൽകുമ്പോൾ ഡ്രൈവർ, കണ്ടക്ടർ തുടങ്ങി താഴേതട്ടിലുള്ള ജീവനക്കാർക്ക് ആദ്യ പരിഗണന നൽകണമെന്നാണ് കോടതി പറഞ്ഞത്. ഡീസൽ അടിക്കാതെ ബസ് ഓടിക്കാൻ കഴിഞ്ഞാൽ ശമ്പളം ആദ്യം നൽകാമെന്നും ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. മുൻകാല ബാധ്യതകൾ ഒഴിവാക്കിയാൽ കെ.എസ്.ആർ.ടിസിയുടെ പ്രവർത്തനം മെച്ചപ്പെടും.

കൊവിഡിനെ തുടർന്ന് വായ്പ തിരിച്ചടവ് മുടങ്ങി. ഇന്ധനം, വായ്പ എന്നിവ അടക്കം ചെലവുകൾ കൂടുതലാണ്. ഇത് മൂലമാണ് ശമ്ബളം വൈകുന്നത്. വരവും ചെലവും തമ്മിൽ പ്രതിമാസം 100 കോടിയുടെ അന്തരമുണ്ട്.

ശാസ്ത്രീയമായ രീതിയിൽ സിംഗിൾ ഡ്യൂട്ടി സംവിധാനം അടക്കം സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കുമ്ബോൾ നിലവിലെ പ്രതിസന്ധി മാറും.

ശമ്പളം നൽകാൻ ധനവകുപ്പിനോട് സഹായം ചോദിച്ചിട്ടുണ്ട്. ഡിപ്പോകളും ഓപ്പറേറ്റിങ് സെന്ററുകളും കെ.എസ്.ആർ.ടി.സി വെട്ടിക്കുറയ്ക്കുന്നില്ല.

താഴേത്തട്ടിൽ കരാർ ജീവനക്കാരെ നിയമിക്കുന്നില്ല. നഷ്ടമില്ലാത്ത റോഡുകളിൽ നിർത്തിവച്ച സർവീസുകൾ ഘട്ടം ഘട്ടമായി വീണ്ടും തുടങ്ങും. കെ.എസ്.ആർ.ടിസി സ്ക്രാപ്പിനു മാറ്റിയ ആകെ ബസുകളുടെ എണ്ണം 900 മാത്രമാണ്. ഇതിൽ 400 ബസുകൾ സ്ക്രാപ്പിന് നൽകിക്കഴിഞ്ഞു. ഈ കണക്ക് പെരുപ്പിച്ചു കാട്ടരുതെന്നും മന്ത്രി പറഞ്ഞു.

# അട്ടപ്പാടി ശിശുമരണം: മന്ത്രിയുടെ മറുപടി പ്രതിപക്ഷത്തെ പ്രകോപിപ്പിച്ചു, സഭ പ്രക്ഷുബ്ധമായി

തിരുവനന്തപുരം: അട്ടപ്പാടിയിലെ ശിശുമരണത്തെ ചൊല്ലി ഭരണ, പ്രതിപക്ഷ അംഗങ്ങൾ നിയമസഭയിൽ കൊമ്പു കോർത്തു. അട്ടപ്പാടിയിലെ ശിശുമരണ വിഷയം സഭയിൽ ഉന്നയിച്ചപ്പോൾ 'ആരോപണം ഉന്നയിച്ചാൽ പോരാ, എംഎൽഎമാർ സ്ഥലം സന്ദർശിക്കണ'മെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞതാണ് പ്രതിപക്ഷ അംഗങ്ങളെ പ്രകോപിപ്പിച്ചത്. ഇതോടെ പ്രതിപക്ഷം നടുത്തളത്തിൽ ഇറങ്ങുകയും തുടർന്ന് നിയമസഭ നിർത്തിവയ്ക്കുകയും ചെയ്തു.

അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിലുള്ള നവജാതശിശുമരണമാണ് പ്രതിപക്ഷം നിയമസഭയിൽ ഇന്ന് അടിയന്തര പ്രമേയമായി ഉന്നയിച്ചത്. എൻ.ഷംസുദ്ദീൻ എംഎൽഎയാണ് ഇത് അടിയന്തര പ്രമേയമായി കൊണ്ടുവന്നത്. അദ്ദേഹം സംസാരിക്കുന്ന വേളയിൽ കോട്ടത്തറ ആശുപത്രിയിൽ മതിയായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്നും അവിടേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിച്ചെന്നും മതിയായ ജീവനക്കാരില്ലെന്നും ആരോപിച്ചു. തുടർന്ന് പ്രതിപക്ഷ നേതാവും കോട്ടത്തറ ആശുപത്രിയെ കുറിച്ച് പരാമർശിച്ചു. അവിടേക്ക് അനുവദിച്ച 12 കോടി രൂപ പെരിന്തൽമണ്ണയിലെ ഇഎംഎസ് ആശുപത്രിക്ക് കൈമാറിയെന്നും ആക്ഷേപം ഉന്നയിച്ചു. ഇതിനെതിരെ ഭരണപക്ഷ അംഗങ്ങൾ ബഹളം വച്ചപ്പോൾ സ്പീക്കറും മുഖ്യമന്ത്രിയും ഇടപെട്ട് മന്ത്രിക്ക് പറയാനുള്ളത് കേൾക്കണമെന്ന് അറിയിച്ചു. തുടർന്ന് ഇതിനു മറുപടി പറയാനായി എഴുന്നേറ്റ ആരോഗ്യമന്ത്രി വീണാ ജോർജ് ഫണ്ട് വകമാറ്റിയെന്ന ആരോപണം നിഷേധിച്ചു. മതിയായ സൗകര്യങ്ങൾ കോട്ടത്തറ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും 117 താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനായി നടപടിയെടുത്തതടക്കം മന്ത്രി ചൂണ്ടിക്കാട്ടി. ഇതിനിടയിൽ വീണ്ടും പ്രതിപക്ഷ നിരയിൽനിന്ന് ബഹളം ഉണ്ടായി. അപ്പോൾ 'ആരോപണം ഉന്നയിച്ച പ്രതിപക്ഷ അംഗങ്ങൾ അവിടെപ്പോയി സന്ദർശിച്ചിട്ടുണ്ടോ' എന്ന് മന്ത്രി ചോദിച്ചു. ഇല്ല എന്ന മറുപടി വന്നപ്പോൾ 'അവിടെ പോയതിനു ശേഷം ആരോപണം ഉന്നയിക്കൂ' എന്ന് മന്ത്രി പറഞ്ഞു. തുടർന്ന് വീണ്ടും ഭരണ പ്രതിപക്ഷ ബഹളം ഉണ്ടായപ്പോൾ സഭ നിർത്തിവയ്ക്കാൻ സ്പീക്കർ ആവശ്യപ്പെട്ടു.

# കൂറ്റൻ തിരമാല, ഇന്ത്യക്കാർ ഉൾപ്പെടെ എട്ടുപേർ ഒഴുകിപ്പോയി

സലാല : ഒമാനിലെ സലാലയിൽ അപ്രതീക്ഷിതമായി ഉയർന്നുപൊങ്ങിയ കൂറ്റൻ തിരയിൽപ്പെട്ട് ഇന്ത്യൻ കുടുംബത്തിലെ കുട്ടികൾ ഉൾപ്പെടെയുള്ളവർ ഒലിച്ചുപോകുന്ന ദാരുണമായ ദൃശ്യം പുറത്ത്. കടൽത്തീരത്ത് അവധി ആഘോഷിക്കാനെത്തിയ ഉത്തരേന്ത്യൻ കുടുംബത്തിലെ അംഗങ്ങളാണ് അപ്രതീക്ഷിതമായെത്തിയ കൂറ്റൻ തിരയിൽ അകപ്പെട്ടത്. ബീച്ചിൽ കളിചിരികളുമായി നിൽക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവരെ കൂറ്റൻ തിര ഒഴുക്കിക്കൊണ്ടു പോകുന്ന ദൃശ്യങ്ങളാണിത്.

അപകടത്തിൽ കടലിൽ വീണു കാണാതായ ഇന്ത്യക്കാരിൽ ഒരു കുട്ടിയടക്കം രണ്ടു പേരുടെ മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു. മറ്റുള്ളവർക്കായി തിരച്ചിൽ തുടരുകയാണ്. കടലിൽ കാണാതായി പിന്നീട് മരിച്ച നിലയിൽ കണ്ടെത്തിയവർ മഹാരാഷ്ട്രയിലെ സാംഗ്ലി ജില്ലക്കാരാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. 42 വയസ്സുകാരനായ ശശികാന്ത് മാമനെ, ഇയാളുടെ ആറു വയസ്സുകാരനായ മകൻ ശ്രേയസ് എന്നിവരുടെ മൃതദേഹങ്ങളാണ് കണ്ടെത്തിയത്. ശശികാന്തിന്റെ മകൾ ശ്രേയയെ (9) ഇതുവരെ കണ്ടെത്താനായിട്ടില്ല. ദുബായിൽ താമസിക്കുന്ന ശശികാന്തും കുടുംബവും അവധി ആഘോഷിക്കാനാണ് ഇവിടെയെത്തിയതെന്നാണ് റിപ്പോർട്ട്.

മൂന്നു കുട്ടികളടക്കം എട്ടു പേരാണു ഞായറാഴ്ച ഉച്ചയോടെ മുഗ്സെയിൽ ബീച്ചിൽ തിരമാലയിൽപ്പെട്ടു കടലിൽ വീണത്. മൂന്നു പേരെ ഉടൻ രക്ഷപ്പെടുത്തി. സുരക്ഷാ ബാരിക്കേഡുകൾ മറികടന്നു ഫോട്ടോ എടുക്കാൻ ശ്രമിക്കുമ്പോഴായിരുന്നു അപകടമെന്നാണ് വിവരം.

ഉയർന്നു പൊങ്ങിയ തിരമാലയിൽ അകപ്പെടുകയായിരുന്നു ഇവർ. ഇതിന്റെ ദൃശ്യങ്ങളാണ് സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിക്കുന്നത്.



*സലാലയിലെ ബീച്ചിൽ ഇന്ത്യൻ കുടുംബം കടൽത്തിരയിൽ അകപ്പെടുന്നതിന്റെ ദൃശ്യം*

### പുരാവസ്തു തട്ടിപ്പ്, പോക്സോ കേസ്:

# മോൻസൻ മാവുങ്കലിന്റെ ജാമ്യഹർജി കോടതി തള്ളി



കൊച്ചി: പുരാവസ്തു തട്ടിപ്പ്, പോക്സോ കേസുകളിൽ ജയിലിലായ മോൻസൻ മാവുങ്കലിന്റെ ജാമ്യ ഹർജികൾ ഹൈക്കോടതി തള്ളി. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റേതാണ് ജാമ്യഹർജികൾ തള്ളിയുള്ള ഉത്തരവ്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചതുൾപ്പെടെ 2 പീഡനക്കേസുകളാണ് മോൻസൻ മാവുങ്കലിന്റെ പേരിലുള്ളത്. ജീവനക്കാരിയുടെ മകളെ, ഉന്നത വിദ്യാഭ്യാസത്തിനു സഹായം നൽകാമെന്ന് പറഞ്ഞ് പീഡിപ്പിച്ചുവെന്നും വിവാഹിതയായ യുവതിയെ പീഡിപ്പിച്ചുവെന്നും ആരോപിച്ചാണു കേസുകൾ. വ്യാജ പുരാവസ്തുക്കളുടെ പേരിൽ സാമ്പത്തിക തട്ടിപ്പു നടത്തിയെന്ന കേസിൽ 2021 സെപ്റ്റംബർ 25 ന് മോൻസൻ അറസ്റ്റിലായിരുന്നു. ഇതിനു പിന്നാലെയാണ് പീഡനക്കേസുകൾ പുറത്തുവന്നത്.

# കുരങ്ങ്പനി കേരളത്തിലും



തിരുവനന്തപുരം : സംസ്ഥാനത്ത് കുരങ്ങ് വസൂരി (മങ്കിപോക്സ്) സംശയിച്ച് ഒരാൾ നിരീക്ഷണത്തിലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഇയാളിൽ നിന്ന് ശേഖരിച്ച സാംപിൾ പുണെയിലെ നാഷനൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചു. വൈകിട്ട് പരിശോധനാഫലം ലഭിച്ച ശേഷമേ ഇക്കാര്യം സ്ഥിരീകരിക്കാനാകൂവെന്ന് മന്ത്രി അറിയിച്ചു. യുഎഇയിൽനിന്ന് കേരളത്തിൽ എത്തിയ ആളാണ് നിരീക്ഷണത്തിലുള്ളതെന്ന് മന്ത്രി വ്യക്തമാക്കി. ഇയാൾക്ക് കൂടുതൽ ആളുകളുമായി സമ്പർക്കമില്ലെന്നും മന്ത്രി വിശദീകരിച്ചു. മങ്കിപോക്സ് സ്ഥിരീകരിച്ചിട്ടുള്ള രാജ്യമാണ് യുഎഇ.

കുരങ്ങിൽ നിന്നു പടരുന്ന വൈറൽ പനി മനുഷ്യരിൽ വ്യാപകമായി പടരില്ലെങ്കിലും ലൈംഗികബന്ധം പോലെ അടുത്ത സമ്പർക്കം വഴി പകരാനിടയുണ്ടെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വസൂരിയെ നേരിടാൻ ഉപയോഗിച്ചിരുന്ന വാക്സീനാണ് നിലവിൽ മങ്കിപോക്സിനും നൽകുന്നത്. ഇത് 85% ഫലപ്രദമാണ്. 1960 ൽ കോംഗോയിലാണ് മങ്കിപോക്സ് ആദ്യമായി കണ്ടെത്തിയത്. പനി, തലവേദന, ദേഹത്ത് ചിക്കൻപോക്സിനു സമാനമായ കുരുക്കൾ എന്നിവയാണ് ലക്ഷണങ്ങൾ. പരോക്ഷമായി രോഗികളുമായി സമ്പർക്കമുണ്ടായവർ ആശങ്കപ്പെടാനില്ലെന്നാണ് ഡോക്ടർമാരുടെ പക്ഷം.


ആഫ്രിക്കയിൽ നിന്നു മറ്റു രാജ്യങ്ങളിലേക്കു വ്യാപിക്കുന്ന മങ്കിപോക്സ് കേസുകളിൽ വൻ വർധനവുണ്ടെന്ന് ലോകാരോഗ്യ സംഘടന കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. ഒരാഴ്ചയ്ക്കിടെ 77% ആണ് വർധന. ഈ മാസം എട്ടാം തിയതി പുറത്തുവന്ന റിപ്പോർട്ട് പ്രകാരം 59 രാജ്യങ്ങളിലായി ആകെ 6027 കേസുകളാണ് നിലവിലുള്ളത്. ഈ പശ്ചാത്തലത്തിൽ പ്രത്യേക യോഗം ചേരാനുള്ള നീക്കത്തിലാണ് ലോകാരോഗ്യ സംഘടന. കോവിഡിനു സമാനമായി ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടതുണ്ടോയെന്ന കാര്യമാകും യോഗം ചർച്ച ചെയ്യുക.

ആഫ്രിക്കൻ രാജ്യങ്ങളിൽ വർഷങ്ങളായി നാശം വിതയ്ക്കുന്ന ഈ രോഗം യൂറോപ്പിലേക്കു പടർന്നപ്പോൾ മാത്രമാണ് ലോകാരോഗ്യ സംഘടന ഗൗരവമായി പരിഗണിച്ചതെന്ന വിമർശനമുണ്ട്. 2017 ൽ നൈജീരിയയിൽ ഈ രോഗം ബാധിച്ചവരിൽ 10% പേരും മരിച്ചപ്പോഴും നടപടിയുണ്ടായില്ലെന്ന ആക്ഷേപവുമുണ്ട്. പല രാജ്യങ്ങളിലും മങ്കിപോക്സ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ, രാജ്യാന്തര യാത്രക്കാരെ നിരീക്ഷിക്കുന്നതിന് ഈ മാസം ആദ്യം ആരോഗ്യമന്ത്രാലയം വിശദമായ മാർഗരേഖയിറക്കിയിരുന്നു.

# മഴയത്ത് മാഞ്ഞ് പോകുന്ന നല്ലൂർ ദീപ – മുണ്ടുപാലം റോഡ്

ഫറോക്ക് : ഒരു മഴ പെയുന്നതോടെ വയലും റോഡും തിരിച്ചറിയാൻ പറ്റാത്ത രീതിയിലാണ് ദീപാ- മുണ്ട് പാലം റോഡ്. രാമനാട്ടുകര ഭാഗത്ത് നിന്ന് കടലുണ്ടി ഭാഗത്തെക്കുള്ള വാഹനങ്ങനങ്ങളും യാത്രക്കാരും ആശ്രയിക്കുന്ന റോഡ് ഉയർത്താതിരുന്നതും ഡ്രൈനേജ് സൗകര്യം ഇല്ലാത്തതും പാർശ്വങ്ങൾ തകർന്നതും അപകട സാധ്യതകൾ വർദ്ധിപ്പിക്കുകയാണ്.

ഓവ് പാലം പണിത് റോഡ് ഉയർത്തി റോഡ് യാത്രാ യോഗ്യവും അപകട രഹിതവുമാക്കണമെന്നും ഈ റോഡും പള്ളിയാളി റോഡും ചേരുന്ന ദീപാ ആർട്ടിസിന് മുൻഭാഗത്തായി മഴക്കാലം ആരംഭിച്ചാൽ അവസാനിക്കുന്നത് വരെ വെള്ളം കെട്ടി നിന്ന് മലിനപ്പെട്ട് മൃഗാശുപത്രിയിലേക്കും മറ്റുമുള്ള യാത്രക്കാർക്ക് മലിനജലത്തിൽ ചവിട്ടാതെ, എത്താൻ പറ്റാത്ത അവസ്ത്രയാണ് ഉള്ളത് ഈ മലിന ജലത്തിൽ ചവിട്ടി യാത്രക്കാർക്ക് അസുഖം ബാധിക്കാൻ സാധ്യതയുള്ളതിലും ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം വേണമെന്ന് മുൻസിപ്പാലിറ്റിയോടും കൗൺസിലറോടും മഴവില്ല് റസിഡന്റ്സ് അസോസിയേഷൻ യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ മഴവില്ല് സിക്രട്ടറി പി.സജി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് പി.രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മാട്ട്പുറത്ത് കൃഷ്ണൻ, എ വിഷ്ണു, ടി.ശശി എന്നിവർ സംസാരിച്ചു. വി.ഷൈമ നന്ദി രേഖപ്പെടുത്തി.



*കനത്ത മഴയെ തുടർന്ന് ഒന്നായി മാറിയ നല്ലൂർ ദീപ മുണ്ടുപാലം റോഡും വയലും*

News Kerala Daily

# ന്യൂസ്കേരള

2022 ജൂലായ് 14 വ്യാഴം

1197 മിഥുനം 30 • 1443 ദുൽഹജ്ജ് 14

## വികസനത്തോടൊപ്പം റോഡിന്റെ അറ്റകുറ്റപണികളും കാര്യക്ഷമമാക്കണം

ജനസാന്ദ്രതപോലെ വാഹനസാന്ദ്രതയും ഉയർന്ന സംസ്ഥാനമാണ് കേരളം. സാമ്പത്തികാവലോകന റിപ്പോർട്ടു പ്രകാരം 2021 മാർച്ചുവരെ 1.48 കോടി മോട്ടോർ വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽ വാഹനത്തിന്റെ എണ്ണം 1000 ആളുകൾക്ക് 445 എന്ന കണക്കിലാണ്. രണ്ടിലൊരാൾക്ക് വാഹനമെന്ന തോതിലേക്ക് കേരളം എത്തിക്കൊണ്ടിരിക്കുകയാണെന്ന് ചുരുക്കം. ഇക്കാര്യത്തിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളത്തിന്റെ സ്ഥാനം. കേരളത്തിന് ലഭിച്ച ലോട്ടറിയാണ് ദേശീയ പാതാ വികസനം. കേന്ദ്ര സർക്കാരിന്റെ സഹായവും സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയുമാണ് റോഡ് വികസനം ഇത്ര വേഗത്തിൽ നടക്കാൻ കാരണം.

2,38,773 കിലോമീറ്റർ റോഡാണ് കേരളത്തിൽ ആകെയുള്ളത്. ഇതിൽ പൊതുമരാമത്തു വകുപ്പിന്റെ റോഡുകളും ദേശീയപാതയും ചേർന്നാൽ ആകെ 31,303 കിലോമീറ്റർ വരും. എന്നാൽ, കേരളത്തിന്റെ റോഡ് ഗതാഗതത്തിന്റെ ഭൂരിഭാഗവും കൈകാര്യം ചെയ്യുന്നത് പൊതുമരാമത്തു റോഡുകളാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന ദേശീയപാതകൾ മൊത്തം ഗതാഗതത്തിന്റെ 40 ശതമാനവും സംസ്ഥാനപാതകൾ, പ്രധാന ജില്ലാ റോഡുകൾ, സെക്കൻഡറി റോഡുകൾ എന്നിവ 40 ശതമാനവും കൈകാര്യം ചെയ്യുന്നു. ആകെ 12 ശതമാനംവരുന്ന റോഡുകൾ ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുകയാണ്.

സംസ്ഥാനത്ത് ആകെ 1781.5 കിലോമീറ്ററുള്ള 11 ദേശീയപാതയുണ്ട്. ഇതിൽ 1233.5 കിലോമീറ്റർ റോഡും പരിപാലിക്കുന്നത് ദേശീയപാത അതോറിറ്റിയാണ്. 548 കിലോമീറ്റർ പൊതുമരാമത്തു വകുപ്പ് ദേശീയപാത വിഭാഗവും കൈകാര്യം ചെയ്യുന്നു. ദേശീയപാതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് കാസർകോട് തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലാ അതിർത്തിവരെയുള്ള എൻഎച്ച് 66 ആണ്. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ഒമ്പത് ജില്ലയിലൂടെ കടന്നുപോകുന്നതാണ് എൻഎച്ച് 66. കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ നീളുന്ന പാതയാണ് എൻഎച്ച് -66. എൻഎച്ച് - 66ന്റെ വികസനം പ്രധാനമാകുന്നത് ഈ ഘട്ടത്തിലാണ്. ദേശീയപാത 66-ന്റെ വികസനത്തെക്കുറിച്ച് കുറേക്കാലമായി കേരളം ചർച്ച ചെയ്യുന്നുണ്ട്. കഴിഞ്ഞ യുഡിഎഫ് ഭരണകാലത്ത് ഒരു ഘട്ടത്തിൽ ദേശീയപാത അതോറിറ്റി ഉപേക്ഷിച്ചുപോയതാണ് ദേശീയപാത വികസനം. സമയബന്ധിതമായി സ്ഥലം ഏറ്റെടുത്തു നൽകാൻ കഴിയാതിരുന്നതാണ് ദേശീയപാത വികസനത്തെ സ്തംഭിപ്പിച്ചത്.

കേരളത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമാകുന്ന ദേശീയപാത വികസനം നടപ്പാക്കാൻ 2016-ൽ അധികാരമേറ്റ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് സർക്കാർ തീരുമാനിച്ചു. ഇതിനായി കേന്ദ്രത്തിൽ സംസ്ഥാനം കടുത്ത സമ്മർദം ചെലുത്തി. മുഖ്യമന്ത്രി പ്രധാനമന്ത്രിയെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയെയും നിരവധി തവണ സന്ദർശിച്ച് ദേശീയപാതാ വികസനം സാധ്യമാക്കണമെന്ന് സമ്മർദം ചെലുത്തി. ഭൂമി ഏറ്റെടുക്കലിനുള്ള തുകയിൽ നിശ്ചിത ശതമാനം സംസ്ഥാനം വഹിച്ചാൽ ദേശീയപാത വികസനം സാധ്യമാക്കാമെന്നായിരുന്നു കേന്ദ്രത്തിന്റെ നിലപാട്. ഇതേത്തുടർന്ന് രാജ്യത്ത് മറ്റെങ്ങുമില്ലാത്തവിധം ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം നൽകാൻ തീരുമാനിച്ചു. കിഫ്ബി വഴി പണം ചെലവഴിക്കാൻ തീരുമാനിക്കുകയും കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. ഉപേക്ഷിച്ചുപോയ പദ്ധതി കേരളത്തിൽ തിരിച്ചെത്തുന്നത് ഏറെ ശ്ലാഘനീയമാണ്.

## വാമൊഴി



കഴിഞ്ഞ നിയമസഭ, ലോക്കൽ ബോഡി തെരഞ്ഞെടുപ്പുകളിലെ പരാജയത്തിൽ ഐ സി യുവിൽ ആയ പ്രസ്ഥാനത്തെ പൂർണ്ണ ആരോഗ്യത്തോടെ തൃക്കാക്കരയിൽ നമ്മൾ തിരികെ കൊണ്ടുവന്നിരുന്നു. ഐക്യതയോടെയുള്ള കൂട്ടായ പ്രവർത്തനത്തിന്റെ വലിയ വിജയമായിരുന്നു അത്. എന്നാൽ സ്ഥാനമാനങ്ങൾ വീതംവെച്ച് അതിനെ ഐ സി യുവിലേക്ക് തിരികെ അയക്കാനുള്ള ശ്രമങ്ങൾ ചില ഭാഗത്തുനിന്നും കാണുന്നതിൽ അതിയായ ദുഃഖമുണ്ട്.

– കെ. മുരളീധരൻ

# അരുത്, ഭരണഘടനയെ തൊട്ടുകളിക്കരുത്



അഡ്വ. ചാർളിപോൾ

> *ഭരണഘടന എത്ര നല്ലതായാലും അത് നടപ്പിലാക്കുന്നവർ കൊള്ളില്ലെങ്കിൽ നിഷ്ഫലമാകും. നല്ല ഭരണകർത്താക്കൾ ആണെങ്കിൽ എത്രമോശം ഭരണഘടനയും മികവുറ്റതായി മാറും". ഭരണഘടനയെന്ന രാഷ്ട്രീയ പ്രമാണത്തെ അധികാരിവർഗം ജനവിരുദ്ധവും മനുഷ്യത്വരഹിതവുമായിത്തീർത്തേക്കാം എന്ന ചിന്ത ഭരണഘടനാ ശില്പികൾക്കുണ്ടായിരുന്നു. ഇവിടെ ഭരണകൂടത്തെയല്ല, ഭരണഘടനയെത്തന്നെ യാണ് മന്ത്രി നിന്ദിച്ചിരിക്കുന്നതെന്ന് മന്ത്രിയുടെ വാക്കുകൾ അസന്നിദ്ധമായി വ്യക്തമാക്കുന്നുണ്ട്. പ്രത്യേകിച്ച് വ്യാഖ്യാനത്തിന്റെ ആവശ്യമില്ലാത്ത സുതാര്യ വാചകങ്ങളാണ് മന്ത്രി പറഞ്ഞത്. നാടിന്റെ പൗരബോധത്തിന്റെയും ജനാധിപത്യബോധത്തിന്റെയും അളവുകോൽ പൊതുജീവിതത്തിലുള്ള ഓരോരുത്തരുടേയും നാവിലുണ്ടെന്ന തിരിച്ചറിവ് രാഷ്ട്രീയജീവിതത്തിന്റെ അടിസ്ഥാനദർശനം തന്നെയാണ്. ജനാധിപത്യപരവും ഭരണഘടനാപരവുമായ പദവി വഹിക്കുന്നയാൾ തന്റെ വീക്ഷണവും ഭാഷണവും വളരെ കരുതലോടെ നടത്തേണ്ടതുണ്ട്. മന്ത്രിയുടെ രാജി രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഭാവിയിലേക്കുള്ള വലിയ പാഠമാണ്; തിരിച്ചറിവാണ്. ഭരണഘടനയിലാണ് നമ്മുടെ ജനാധിപത്യത്തിന്റെ ആധാരശിലയുള്ളത്. അതിൽ തൊട്ടുകളിക്കരുത്.*

**പ**ത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ നടന്ന സി.പി.എം.പരിപാടിയിൽ മന്ത്രി സജി ചെറിയാൻ ഭരണഘടനയെ ഇടിച്ചുതാഴ്ത്തി സംസാരിച്ചതു വലിയ പ്രതിഷേധത്തിനും തുടർന്ന് അദ്ദേഹത്തിന്റെ രാജിയിലേ ക്കും വഴിതുറന്നു. നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവാജ്യമായ വിശ്വസ്തതയും കൂറും പുലർത്തുമെന്ന് സത്യപ്രതിജ്ഞചെയ്ത് അധികാരത്തിലേറിയ ഒരു മന്ത്രി തന്നെ അതേ ഭരണഘടനയെ നിന്ദിക്കുമ്പോൾ അത് കുറ്റകരവും ശിക്ഷാർഹവുമായിത്തീരുന്നുണ്ട്. ആ ബോധ്യം അല്പം വൈകിയാണെ ങ്കിലും ഉണ്ടായതിനാലാണ് മന്ത്രി രാജിവച്ചൊഴിഞ്ഞത്. 1971-ലെ ദേശീയപതാക-ഭരണഘടനാ അനാദരം സംബന്ധിച്ച ദ പ്രവൻഷൻ ഓഫ് ഇൻസൾട്ട്സ് ടു നാഷണൽ ഹോണർ ആക്ട് 1971" പ്രകാരം ശിക്ഷാനടപടിക്ക് അർഹതയുള്ളതാണ് മന്ത്രിയുടെ വാക്കുകൾ. നിയമമനുസരിച്ച് പൊതുസ്ഥലത്തോ അല്ലെങ്കിൽ ഏതെങ്കിലു മൊരു സ്ഥലത്തോ ഭരണഘടനയെയോ ദേശീയപതാകയെയോ അപമാനിക്കുകയോ നിന്ദിക്കുകയോ അനാദരവ് കാണിക്കുകയോ ചെയ്താൽ മൂന്നുവർഷംവരെ തടവോ പിഴയോ രണ്ടുംകൂടിയോ ആണ് ശിക്ഷ. പോലീസിന് സ്വമേധയാ കേസെടുക്കാവുന്ന കൊഗിൻസിബിൾ ഒഫൻസ് (സഹജമായ കുറ്റം) കൂടിയാണിത്.

ജനങ്ങളെ ഏറ്റവും കൂടുതൽ കൊള്ളയടിക്കാൻ പറ്റിയ ഏറ്റവും മനോഹരമായ ഭരണഘടനയെന്നാണ് മന്ത്രി ഇന്ത്യൻ ഭരണഘടനയെ വിലയിരുത്തിയത്. ജനാധിപത്യം, മതേതരത്വം എന്നെല്ലാം ഭരണഘടനയിൽ പറയുന്നതിനെ ഇകഴ്ത്താനായി കുന്തം, കുടച്ചക്രം എന്നിങ്ങനെ ആക്ഷേപ വാക്കുകൾ മന്ത്രി ഉപയോഗിച്ചു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ ഭരണഘടനയുടെ മഹത്വത്തെക്കുറിച്ച് ആരെല്ലാം പറഞ്ഞാലും ഞാൻ സമ്മതിക്കില്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ടാണ് മന്ത്രി ഭരണഘടനയെ അധിക്ഷേപിക്കുന്നത്. ഭരണഘടനയുടെ അന്തസത്തയെയും ഉദ്ദേശലക്ഷ്യങ്ങളെയും അതു തയ്യാറാക്കിയ ശില്പികളെയുമൊക്കെ അപമാനിക്കുന്ന വിധമായി മന്ത്രിയിൽ നിന്നുണ്ടായ പരാമർശങ്ങൾ.

ഭരണഘടന കേട്ടെഴുതിയത് എന്ന അക്ഷേപവും മന്ത്രി ഉന്നയിക്കുന്നുണ്ട്. ബ്രിട്ടീഷുകാരൻ പറഞ്ഞു തയ്യാറാക്കിക്കൊടുത്ത ഭരണഘടന ഇന്ത്യക്കാരൻ എഴുതിവച്ചു. ചൂഷണത്തെ ഏറ്റവും കൂടുതൽ അംഗീകരി ച്ചിരുന്ന ഭരണഘടനയാണ് ഇത്." മന്ത്രി പറഞ്ഞ വാക്കുകളാണിവ. ലോകത്ത് എഴുതപ്പെട്ടതിൽ ഏറ്റവും വലുതും മികവുറ്റതുമായ ഭരണഘടനയെയും അതിന്റെ ശില്പികളെയുമാണ് മന്ത്രി ഈ വാക്കുകളിലൂടെ അപമാനിച്ചിരിക്കുന്നത്. ഭരണഘടന രൂപം കൊണ്ട നാൾ വഴികളെക്കുറിച്ച് മന്ത്രി സ്വാഭാവികമായും അറിഞ്ഞിരിക്കണമായിരുന്നു. ഇന്ത്യക്ക് ഭരണഘടന നിർമാണ സഭ എന്ന ആശയം ആദ്യമായി നിർദ്ദേശിച്ചത് 1934-ൽ എം.എൻ.റോയി എന്ന കമ്യൂണിസ്റ്റുകാരനാണ്. സ്വതന്ത്ര്യ ഇന്ത്യക്ക് ബാഹ്യസ്വാധീനങ്ങളില്ലാത്ത ഒരു ഭരണഘടന തയ്യാറാക്കണമെന്ന് 1938-ൽ കോൺഗ്രസിനു വേണ്ടി ജവഹർലാൽ നെഹ്റു ആവശ്യപ്പെട്ടു. കാബിനറ്റ് മിഷൻ പ്ലാൻ അനുസരിച്ച് 1946-ൽ ഡിസംബർ 6ന് ഭരണഘടന നിയമനിർമാണസഭ നിലവിൽവന്നു. ആകെ അംഗങ്ങൾ 389. കേരളത്തിൽ നിന്ന് 17 പേർ. ആദ്യ സമ്മേളനം 1946 ഡിസംബർ 9ന്. ഭരണഘടന നിർമാണസഭ രണ്ട്വർഷം 11 മാസം 18 ദിവസം കാലയളവിൽ 11 തവണ സമ്മേളിച്ചു. 1947 ഓഗസ്റ്റ് 29ന് ഭരണഘടന കരട് നിർമാണസമിതി ഡോ.ബി.ആർ. അംബേദ്കർ അധ്യക്ഷനായി നിലവിൽവന്നു. 60 രാജ്യങ്ങളുടെ ഭരണഘടനകൾ പഠനവിധേയ മാക്കി. പത്തിലേറെ രാജ്യങ്ങളുടെ ഭരണഘടനകളിൽ നിന്ന് ആശയങ്ങൾ സ്വീകരിച്ചു. 114 ദിവസം കരട് ഭരണ ഘടന ചർച്ചകൾക്ക് വിധേയമാക്കി, 7,635 ഭേദഗതികൾ നിർദേശിക്കപ്പെട്ടു. 2,437 ഭേദഗതികൾ അംഗീകരിച്ചു. എല്ലാതലങ്ങളിലുംപെട്ട വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ നിയമസംഹിതയിലെ ഓരോ വാക്യത്തിനും അന്തിമരൂപം നല്കിയത്. വിശദമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പ്രയോഗികരൂപം കൊണ്ട ഭരണഘടനക്ക് 1949 നവംബർ 26ന് അംഗീകാരം ലഭിച്ചു. 1950 ജനുവരി 26ന് ഭരണഘടന നിലവിൽവന്നു. ഇത്രയേറെ ഘട്ടങ്ങളിലൂടെ കടന്നുപോയി രൂപംകൊണ്ട ഭരണഘടനയെയാണ് ബ്രിട്ടീഷ്കാരൻ പറഞ്ഞുകൊടുത്ത് ഇന്ത്യക്കാരൻ എഴുതിവെച്ചതെന്ന് മന്ത്രി അധിക്ഷേപിച്ചത്. ചരിത്രവിരുദ്ധവും വസ്തുതാവിരുദ്ധവുമായ ഈ ദു:ഖകരമായ അജ്ഞത അക്ഷന്തവ്യമായ അപരാധമാണ്.

ഭരണഘടനയെ അല്ല, മറിച്ച് ഭരണകൂടത്തിനെയാണ് വിമർശിച്ചതെന്ന് പറഞ്ഞ് മന്ത്രി ഒഴിഞ്ഞുമാറാൻ ശ്രമിച്ചിരുന്നു. ഭരണകൂടം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഭരണഘടനയുടെ കുഴപ്പമല്ല, അത് കൈകാര്യം ചെയ്യുന്നവരുടെ കുഴപ്പമാണ്. അതുകൊണ്ട് തന്നെ ഭരണഘടനയുടെ മുഖ്യശില്പിയായ ഡോ. ബി.ആർ അംബേദ്കർ അന്നേ പറഞ്ഞുവച്ചു ഭരണഘടന എത്ര നല്ലതായാലും അത് നടപ്പിലാക്കുന്നവർ കൊള്ളില്ലെങ്കിൽ നിഷ്ഫലമാകും. നല്ല ഭരണകർത്താക്കൾ ആണെങ്കിൽ എത്രമോശം ഭരണഘടനയും മികവുറ്റതായി മാറും". ഭരണഘടനയെന്ന രാഷ്ട്രീയപ്രമാണത്തെ അധികാരിവർഗം ജനവിരുദ്ധവും മനുഷ്യത്വരഹിതവുമായിത്തീർത്തേക്കാം എന്ന ചിന്ത ഭരണഘടനാ ശില്പികൾക്കുണ്ടായിരുന്നു. ഇവിടെ ഭരണകൂടത്തെയല്ല, ഭരണഘടനയെത്തന്നെ യാണ് മന്ത്രി നിന്ദിച്ചിരിക്കുന്നതെന്ന് മന്ത്രിയുടെ വാക്കുകൾ അസന്നിദ്ധമായി വ്യക്തമാക്കുന്നുണ്ട്. പ്രത്യേകിച്ച് വ്യാഖ്യാനത്തിന്റെ ആവശ്യമില്ലാത്ത സുതാര്യ വാചകങ്ങളാണ് മന്ത്രി പറഞ്ഞത്. നാടിന്റെ പൗരബോധത്തിന്റെയും ജനാധിപത്യബോധത്തിന്റെയും അളവുകോൽ പൊതുജീവിതത്തിലുള്ള ഓരോരുത്തരുടേയും നാവിലുണ്ടെന്ന തിരിച്ചറിവ് രാഷ്ട്രീയജീവിതത്തിന്റെ അടിസ്ഥാനദർശനം തന്നെയാണ്. ജനാധിപത്യപരവും ഭരണഘടനാപരവുമായ പദവി വഹിക്കുന്നയാൾ തന്റെ വീക്ഷണവും ഭാഷണവും വളരെ കരുതലോടെ നടത്തേണ്ടതുണ്ട്. മന്ത്രിയുടെ രാജി രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഭാവിയിലേക്കുള്ള വലിയ പാഠമാണ്; തിരിച്ചറിവാണ്. ഭരണഘടനയിലാണ് നമ്മുടെ ജനാധിപത്യത്തിന്റെ ആധാരശിലയുള്ളത്. അതിൽ തൊട്ടുകളിക്കരുത്.

ആരോഗ്യകേരള

# ഈന്തപ്പഴത്തിന്റെ ഗുണങ്ങൾ

ഈന്തപ്പഴത്തിൽ ഒരു പിടി ആരോഗ്യപരമായ ഗുണങ്ങൾ നൽകുന്ന പോഷകങ്ങളുണ്ട്. അയേൺ, പൊട്ടാസ്യം, മഗ്നീഷ്യം, വൈറ്റമിനുകൾ തുടങ്ങിയ ഒരു പിടി ആരോഗ്യദായകമായ ഘടകങ്ങളുടെ ഉറവിടമാണ് ഈന്തപ്പഴം. തടി വർദ്ധിപ്പിയ്ക്കാതെ ശരീരത്തിനു തൂക്കം വർദ്ധിപ്പിയ്ക്കാൻ സഹായിക്കുന്ന ഒന്നാണിത്.

ആഴ്ചയിൽ 12 ഈന്തപ്പഴമെങ്കിലും കഴിയ്ക്കാം. ഇത് ആരോഗ്യപരമായ ഗുണങ്ങൾ ഏറെ നൽകും. ഇവ ഒരുമിച്ചു കഴിയ്ക്കരുതെന്ന കാര്യവും ഓർമ വേണം. ആന്റിഓക്സിഡന്റുകളുടെ നല്ലൊരു കലവറയായ ഇത് ക്യാൻസർ പോലുള്ള പല രോഗങ്ങൾ തടയാനും ശരീരത്തിന് രോഗപ്രതിരോധശേഷി നൽകാനുമെല്ലാം ഏറെ ഗുണകരമാണ്. മസിലുകളുടെ ആരോഗ്യത്തിനും ഇത് ഏറെ ഉത്തമമാണ്ഇതിലെ മധുരം സ്വാഭാവിക മധുരമായതു കൊണ്ട് മിതമായ തോതിൽ പ്രമേഹരോഗികൾക്കും കഴിയ്ക്കാം. മാത്രമല്ല, ഈ മധുരം ശരീരത്തിന് ഊർജം നൽകുകയും ചെയ്യും.ഈന്തപ്പഴം നമ്മുടെ ഭക്ഷണത്തിൽ നിത്യ ശീലമാക്കണമെന്നു പറയുന്നതിന്റെ ആരോഗ്യപരമായ ഗുണങ്ങളെക്കുറിച്ചറിയൂ, ആഴ്ചയിൽ 12 എണ്ണമെങ്കിലും നാം ഇതു കഴിയ്ക്കണമെന്നു പറയുന്നതിന്റെ കാരണവും അറിയൂ. ആഴ്ചയിൽ 12 ഈന്തപ്പഴം കഴിയ്ക്കണം

മലബന്ധം പോലുള്ള പ്രശ്നങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവർ ചില്ലറയല്ല. അതിനെ ഇല്ലാതാക്കാനും നല്ല ശോധനയ്ക്കും ഈന്തപ്പഴം സഹായിക്കുന്നു. ദഹനപ്രക്രിയ സാധാരണ ഗതിയിലാക്കാൻ ഈന്തപ്പഴം സഹായിക്കും. മാത്രമല്ല പാലിനൊപ്പം അത്താഴശേഷം ഈന്തപ്പഴം കഴിക്കുന്നത് ദഹനസംന്ധമായ എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കും.

കൊളസ്ട്രോൾ കുറയ്ക്കുന്നതിന് ഈന്തപ്പഴത്തിനുള്ള പങ്ക് വളരെ വലുതാണ്. ദിവസവും ഈന്തപ്പഴം കഴിക്കുന്നത് കൊളസ്ട്രോൾ കുറയ്ക്കും. ഈന്തപ്പഴം രാത്രി വെള്ളത്തിൽ ഇട്ടുവച്ച് രാവിലെ ഇത് ഈ വെള്ളത്തിൽ ചതച്ചിട്ടു കുടിയ്ക്കാം. എൽഡിഎൽ കൊളസ്ട്രോൾ കുറയക്കുന്നതിനും എച്ച്ഡിഎൽ കൊളസ്ട്രോൾ വർദ്ധിപ്പിയ്ക്കുന്നതിനും ഇതു നല്ലതാണ്.


ഹൃദയസംബന്ധമായ രോഗങ്ങൾ കൊണ്ട് വലയുന്നവരും രോഗസാധ്യതയുള്ളവരും ഈന്തപ്പഴം ദിവസവും കഴിയ്ക്കുന്നത് നല്ലതായിരിക്കും. ഇത് ഹൃദ്രോഗസാധ്യതയേയും ഇല്ലാതാക്കുന്നു. ഇതു കൊളസ്ട്രോളും ബിപിയുമെല്ലാം നിയന്ത്രിയ്ക്കുന്നതും രക്തപ്രവാഹം വർദ്ധിപ്പിയ്ക്കുന്നതുമെല്ലാമാണ് ഗുണകരമാകുന്നത്.

പുരുഷന്റെ സ്റ്റാമിനയ്ക്കും ഉദ്ധാരണ പ്രശ്നങ്ങൾക്കുമുള്ള നല്ലൊരു പരിഹാരമാണിത്.

പുരുഷന്റെ സ്റ്റാമിനയ്ക്കും ഉദ്ധാരണ പ്രശ്നങ്ങൾക്കുമുള്ള നല്ലൊരു പരിഹാരമാണിത്. രാവിലെ വെറുംവയറ്റിൽ ആദ്യ ഒരാഴ്ച 2 ഈന്തപ്പഴം വീതം കഴിയ്ക്കുക. മൂന്നാമത്തെ ആഴ്ച 3 എണ്ണം വീതം കഴിയ്ക്കാം. നാലാമത്തെ ആഴ്ച മുതൽ 12 ആഴ്ച വരെ 4 വീതം കഴിയ്ക്കാം. ഇത് ഉദ്ധാരണപ്രശ്നങ്ങൾക്കുള്ള നല്ലൊരു മരുന്നാണ്.ഈന്തപ്പഴം ആട്ടിൽപാലിൽ രാത്രി മുഴുവൻ കുതിർത്ത് രാവിലെ ഇതോടുകൂടി അരച്ച് രാവിലെ വെറുംവയറ്റിൽ കുടിയ്ക്കുന്നതും സെക്സ് എനർജിയ്ക്കു നല്ലതാണ്അലർജി

ഇത് അലർജി പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യും.. 5 ഈന്തപ്പഴം, 5 കുരുമുളക്, ഒരു കഷ്ണം ഇഞ്ചി എന്നിവ പാലിലിട്ടു തിളപ്പിയ്ക്കുക. ഇതിലേയ്ക്ക് 1 സ്പൂൺ നെയ്യു ചേർത്ത് രാത്രി കിടക്കാൻ നേരത്തു കുടിയ്ക്കുക. ഇത് കോൾഡിനുള്ള നല്ലൊരു പരിഹാരമാണ്. ഉറക്കവും നൽകും. ഈന്തപ്പഴം തടി കൂട്ടാതെ തൂക്കം വർദ്ധിപ്പിയ്ക്കാനുള്ള എളുപ്പ വഴിയാണ് ഈന്തപ്പഴം. . ഇത് ദിവസവും 3-4 എണ്ണം ശീലമാക്കുക. ശരീരത്തിന് അൽപം പുഷ്ടി വരാനും ഇത് സഹായിക്കും. കുട്ടികൾക്കും ഇത് ഏറെ നല്ലതാണ്. രാവിലെ വെറും വയറ്റിൽ പച്ച ഈന്തപ്പഴം കഴിയ്ക്കുന്നത് ആരോഗ്യകരമായ തൂക്കം കൃത്യമാക്കാൻ സഹായിക്കുന്നു

ആഴ്ചയിൽ 12 ഈന്തപ്പഴം കഴിയ്ക്കണം. വിശപ്പില്ലാത്തവർക്കുള്ള നല്ലൊരു മരുന്നാണ്



വിശപ്പില്ലാത്തവർക്കുള്ള നല്ലൊരു മരുന്നാണ് ഈന്തപ്പഴം. വിശപ്പു വർദ്ധിപ്പിയ്ക്കാൻ പാലിൽ ഇത് ചേർത്തു കുടിയ്ക്കാനാണ് ആയുർവേദം പറയുന്നത്. ഈന്തപ്പഴത്തിലെ ജ്യൂസ് നീക്കി, അല്ലെങ്കിൽ ഉണങ്ങിയ ഈന്തപ്പഴം പാലിലിട്ടു തിളപ്പിച്ച് ഈ പാലിൽ ഇത അരച്ചു കഴിയ്ക്കാം. ദഹനത്തിനും ഇത് ഏറെ നല്ലതാണ്. കുട്ടികൾക്കു പ്രത്യേകിച്ചും ഗുണകരം.

ക്യാൻസർ ആന്റിഓക്സിഡന്റുകളുടെ നല്ലൊരു കലവറയായ ഇത് ക്യാൻസർ പോലുള്ള പല രോഗങ്ങൾ തടയാനും ശരീരത്തിന് രോഗപ്രതിരോധശേഷി നൽകാനുമെല്ലാം ഏറെ ഗുണകരമാണ്. മസിലുകളുടെ ആരോഗ്യത്തിനും ഇത് ഏറെ ഉത്തമമാണ്. ആരോഗ്യകരമായ രീതിയിൽ മസിൽ വളർത്തുവാൻ ഇതിലെ പല വൈററമിനുകളും പോഷണങ്ങളും സഹായിക്കും.

സ്ത്രീകളിലെ അസ്ഥിയുരുക്കം അഥവാ വെള്ളപോക്കിനും ഈന്തപ്പഴം ഔഷധമാക്കാം. ഉണങ്ങിയ ഈന്തപ്പഴം അരച്ച് നെയ്യിൽ കലർത്തി ഗോപീചന്ദനത്തിനൊപ്പം കഴിയ്ക്കാം. ഗോപീചന്ദനം ആയുർവേദ കടകളിൽ ലഭിയ്ക്കുന്ന ഒന്നാണ്. ഈന്തപ്പഴം വെള്ളത്തിലിട്ടു കുതിർത്തി ഉടച്ചു കഴിയ്ക്കാം. ഈ വെള്ളവും കുടിയ്ക്കാം. ഇത് അടുപ്പിച്ചു ചെയ്യുന്നത് വെള്ളപോക്കിനുള്ള പരിഹാരമാണ്.

മദ്യപാനം മൂലമുള്ള ഹാങ്ഓവർ മാറാൻ ഈന്തപ്പഴം നല്ലൊരു വഴിയാണ്. ഇത് 10-15 മിനിറ്റു വെള്ളത്തിലിട്ടു വച്ച് ഈ വെള്ളം കുടിയ്ക്കാം. മദ്യപാനം മൂലമുള്ള ഛർദി, തലവേദന എന്നിവയ്ക്കുള്ള നല്ലൊരു മരുന്നു കൂടിയാണിത്.മദ്യപിച്ച ശേഷമുള്ള പ്രശ്നങ്ങൾക്കു പരിഹാരമായി ഇതു കഴിച്ചു നോക്കൂ.

നല്ലൊരു അയേൺ മരുന്നാണ് ഈന്തപ്പഴം. അയേൺ സമ്പുഷ്ടമാണ് ഈന്തപ്പഴം ജ്യൂസും. വിളർച്ച പോലുള്ള പ്രശ്നങ്ങൾ തടയാൻ ഇതു മതി.

ശരീരത്തിൽ അയേൺ കുറഞ്ഞാൽ നിരവധി ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാവുന്നത്. അതുകൊണ്ട് തന്നെ അയേൺ സാന്നിധ്യത്തിന് നല്ലതു പോലെ പച്ച ഈന്തപ്പഴം കഴിയ്ക്കുന്നത് നല്ലതാണ്.

കാഴ്ചശക്തിയ്ക്കു മികച്ച മരുന്നാണ് ഈന്തപ്പഴമെന്നു പറയാം.ദിവസവും ഈന്തപ്പഴം കഴിക്കുന്നത് കണ്ണിന്റെ ആരോഗ്യത്തിന് വളരെ നല്ലതാണ്. ഒരു ദിവസം ഒരു ഈന്തപ്പഴം എന്ന ക്രമത്തിൽ കഴിച്ചാൽ കണ്ണിന്റെ കാഴ്ചശക്തിയ്ക്കും തെളിച്ചത്തിനും സഹായിക്കും.

# സ്ത്രീശാക്തീകരണ പ്രചാരണ പരിപാടിയുമായി മാഴ്സ്

കൊച്ചി : ലിംഗ സമത്വ സമൂഹത്തിനായുള്ള ഇന്ത്യൻ വനിതകളുടെ പോരാട്ടങ്ങൾക്ക് കരുത്തു പകരാൻ മാഴ്സ് ഇൻകോർപ്പറേറ്റഡ് പ്രചാരണ പരിപാടികൾ ആരംഭിച്ചു. 2021-ൽ 88 രാജ്യങ്ങളിലെ 10,000 വനിതകൾക്കിടയിൽ ഇതു സംബന്ധിച്ച് ഒരു സർവേ നടത്തുകയുണ്ടായി. വംശം, പ്രായം, ലിംഗം, തൊഴിൽ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ പങ്കെടുത്ത സർവേയിൽ പുരുഷാധിപത്യത്തിനെതിരെയാണ് വിരൽ ചൂണ്ടപ്പെട്ടത്.

പുരുഷാധിപത്യം ഉയർത്തുന്ന പ്രതിബന്ധങ്ങൾ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മറികടക്കാനാകുമെന്ന് സർവേയിൽ പങ്കെടുത്ത ഇന്ത്യയിൽ നിന്നുള്ള 250 പേർ അഭിപ്രായപ്പെട്ടു. തൊഴിലുടമകൾ, സഹപ്രവർത്തകർ, സർക്കാർ, പുരുഷന്മാർ എന്നിവരുടെ സഹകരണം ഇതിന് ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് ഇന്ത്യയിൽവിപുലമായ തോതിൽ സർവേ സംഘടിപ്പിക്കുക. പ്രായം, തൊഴിൽ, ജാതി, സംസ്കാരിക പശ്ചാത്തലം തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ടവരെ ഇതിൽ ഉൾപ്പെടുത്തും. സർവേയിൽ പങ്കെടുക്കാൻ https://admin.gosurvey.in/survey/fullpotentialsurvey. പ്രമുഖ ഗവേഷണ, ഉപദേശക, കൺസൾട്ടസിയായ ലീഡ് ക്യാപ് വെഞ്ചേഴ്സ് ആണ് ഹിയർ ടു ബി ഹേർഡ് എന്ന സർവേ സംഘടിപ്പിക്കുന്നത്. പ്രശസ്ത നടിയും സോഷ്യൽ മീഡിയ ഇൻഫ്ളുവൻസറുമായ ഡോളി സിംഗും പ്രചാരണ പരിപാടിയുടെ ഭാഗമാകും. സർവേയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്ന് മാഴ്സ് റിഗ്ളി ഇന്ത്യ കൺട്രി ജനറൽ മാനേജർ കൽപേഷ് പർമാർ പറഞ്ഞു.

ലോകജനസംഖ്യയുടെ 49.5 ശതമാനം സ്ത്രീകളാണ്. അവരുടെ കാര്യശേഷി പൂർണ്ണമായി വിനിയോഗിച്ചാൽ ആഗോള ജിഡിപിയിലേയ്ക്ക് 28 ട്രില്യൺ ഡോളർ മുതൽ കൂട്ടാൻ കഴിയും. എന്നാൽ ഈ കാര്യശേഷി ഇതുവരെ ഫലപ്രദമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. ലിംഗത്തിന്റെ പേരിലുള്ള അവസരവിടവ് നികത്താൻ ഒരു നൂറ്റാണ്ടിലധികം എടുക്കുമെന്ന് ഐക്യരാഷ്ട്ര സംഘടന വിലയിരുത്തിയിട്ടുണ്ട്. കോവിഡ്-19 ലിംഗ സമത്വ മുന്നേറ്റങ്ങളെ 25 വർഷം പിന്നോട്ടടിച്ചിരിക്കുകയാണ്. പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നില്ലെങ്കിൽ അതിന്റെ ആഘാതം വിനാശകരമായിരിക്കുമെന്ന് മാഴ്സ് ചൂണ്ടിക്കാട്ടി.

# ഡിജിറ്റൽ വാലറ്റ് സേവനം പേടിഎം കൂടുതൽ വിപുലമാക്കി

കൊച്ചി : മുൻനിര ഡിജിറ്റൽ സാമ്പത്തിക സേവന ദാതാക്കളായ പേടിഎം, ഡിജിറ്റൽ വാലറ്റ് സേവനം കൂടുതൽ വിപുലമാക്കി. വാലറ്റിലേയ്ക്ക് പണം അയക്കുന്നതിനു പുറമേ, ഓഫ് ലൈൻ, ഓൺ ലൈൻ പർച്ചേസുകളിൽ സമാനതകൾ ഇല്ലാത്ത സൗകര്യമാണ് പേടിഎം ഒരുക്കിയിരിക്കുന്നത്.

യുപിഐ, ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ പേടിഎം വാലറ്റിലേയ്ക്ക് പണം അയക്കാം. ബാങ്ക് അക്കൗണ്ട്, പേടിഎം ആപ്പുമായി ബന്ധിപ്പിച്ചുകൊണ്ട് പേടിഎമ്മിലെ യുപിഐ ഫീച്ചർ ഉപയോഗിച്ച് അനായാസം പണം ട്രാൻസ്ഫർ ചെയ്യാം. യൂട്ടിലിറ്റി ബിൽ, മൊബൈൽ റീചാർജ്, ഡിടിഎച്ച്, മെട്രോ കാർഡ് തുടങ്ങിയ വ്യത്യസ്ത ആവശ്യങ്ങൾ വാലറ്റ് ഉപയോഗിക്കാം. റീട്ടെയ്ൽ ഷോപ്പുകൾ, പെട്രോൾ പമ്പുകൾ, ഓഫ് ലൈൻ, ഓൺ ലൈൻ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിലും പേടിഎം വാലറ്റ് ഉപയോഗിക്കാം.

ഇന്ത്യയിലെ ഉപയോക്താക്കൾക്ക് ഇന്ന ഒഴിവാക്കാൻ കഴിയാത്തതാണ് ഡിജിറ്റൽ വാലറ്റ് സേവനം. 2014 ലാണ് പേടിഎം ആദ്യത്തെ ഡിജിറ്റൽ വാലറ്റ് സേവനം ആരംഭിച്ചത്. തുടർന്ന് ക്രമാനുഗതമായ വളർച്ചയാണ് പേടിഎം രേഖപ്പെടുത്തിയത്.



# കേരള പോലീസ് അടിമകളാണോ?

**കാരൂർ സോമൻ, ലണ്ടൻ.**

**കാ**ർമേഘങ്ങളെ പോലെ കേരളത്തിലെ വാർത്തകൾ കണ്ട് ലോക മലയാളികൾ വിളറി നിൽക്കുന്ന സമയമാണ്. ദേവീക്ഷേത്രങ്ങളിലെ മഹാ പുരോഹിതർ ഭക്തരുടെ അഭീഷ്ടസിദ്ധിക്ക് വേണ്ടി രക്ഷാവളകളും മന്ത്രച്ചരടുകളും ജപിച്ചുകൊടുക്കുന്ന വേളയിലാണ് മനുഷ്യമനഃസാക്ഷിയെ തൊട്ടുണർത്തുന്ന ചില യാഥാർഥ്യ ങ്ങൾ റിട്ട.ജസ്റ്റിസ് കെമാൽ പാഷ പുറത്തുവിട്ടത്. 'സംസ്ഥാനത്തെ പോലീസിനെ അടിമകളാക്കി മാറ്റിയിരി ക്കുന്നു. പോലീസ് സേനയിൽ ആർക്കും അന്തസായി ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യമാണ്. വിമർശിക്കുന്ന വരുടെ വായടപ്പിക്കാൻ ശ്രമം. പി.സി.ജോർജിന്റെ അറസ്റ്റിൽ അസ്വാഭാവികതയുണ്ട്. ഒരു മണിക്കൂർ കൊണ്ട് എന്ത് പ്രാഥമിക അന്വേഷണം നടത്താനാകും? ജോർജിന് ജാമ്യം അനുവദിച്ചത് ജുഡീഷ്യറിയുടെ അന്തസ്സ് ഉയർത്തി. എതിർക്കുന്നവരെ പീഡനക്കേസിൽ കുടുക്കുന്ന രാഷ്ട്രീയമാണ് നടക്കുന്നത്'. അദ്ദേഹത്തിന്റെ അനുഭവസീമയിൽ തങ്ങിനിന്ന വാക്കും വരികളും കേരളത്തെ അടയാളപ്പെടുത്തുന്ന വിഷാദത്തിന്റെ. നിയമ ലംഘനത്തിന്റെ വേനലായി കാണാൻ സാധിക്കും. ഇന്നത്തെ വിവാദ സംവാദങ്ങളിൽ, സമരങ്ങളിൽ സമൂഹ ത്തിന് എന്തെങ്കിലും നേട്ടമുണ്ടോ? മനുഷ്യജീവിതം ദുരിതത്തിലാക്കുന്നവരെ, യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താൻ തുറുങ്കിലടക്കാൻ ഉത്തവാദിത്യമുള്ളവർ ചൂഷക വർഗ്ഗ താല്പര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നവരാണോ?.

ഇതിൽ പി.സി.ജോർജിന്റെ അറസ്റ്റുമായി ബന്ധപ്പെട്ടുള്ള ഒരു നിയമജ്ഞന്റെ വാദങ്ങൾ തള്ളിക്കളയാൻ സാധിക്കില്ല. എന്നാൽ ജോർജ് നടത്തിയിട്ടുള്ള വിഷം ചീറ്റുന്ന വർഗ്ഗീയ പരാമർശങ്ങൾ,സ്ത്രീകളെ അധി ക്ഷേപിക്കുന്നതൊക്കെ രാഷ്ട്രീയ ജീവിതത്തിന്റെ പാപ്പരത്തമായിട്ടേ കാണാൻ സാധിക്കു.സോഷ്യൽ മീഡിയ വഴി എതിരാളികളെ അപമാനിക്കുന്നതുപോലെ ഇദ്ദേഹത്തിന്റെ വാക്കുകൾ എരിയും പുളിയും ചേർത്തുള്ള ഭാഷാചേരുവകകൾ പലർക്കും വിഭവ സമൃദ്ധമായ സദ്യയാണ്. എന്നാൽ സ്ത്രീവിരുദ്ധത വിപ്ലവവായാടിത്വമാ യാൽ പൊലീസിന് മുന്നിൽ ചങ്ക് നീറി നിൽക്കേണ്ടിവരും. അതിന് പോലീസിനെ പഴിച്ചിട്ട് കാര്യമില്ല. സാധാരണ അധികാരത്തിലുള്ളവരാണ് പോലീസിന്റെ ആത്മവീര്യം ചോർത്തുന്നത്, കുറ്റം ചെയ്ത ചിലർക്ക് നേരെ ഉടനടി നടപടി, ചിലർക്ക് നേരെ നടപടിയില്ല ഇതൊക്കെ കാലാകാലങ്ങളായി കണ്ടുകൊണ്ടരിക്കുന്ന വിചിത്ര വഴി പിഴച്ച സമീപനങ്ങളാണ്. ഈ സാമൂഹികബോധമുണ്ടായിരുന്ന ജസ്റ്റിസ് അധികാരത്തിലിരുന്നപ്പോൾ പാവ ങ്ങളെ,നിരപരാധികളെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന നിയമലംഘനങ്ങൾ ബോധപൂർവ്വം ഒഴുവാക്കിയ താണോ അതോ ഈ മനസ്സും മനസ്സാക്ഷിയും നിയമത്തിന്റെ പൊതുഘടനയിൽ മരവിച്ചുപോയോ?.

അറിവും ചിന്തയുമുള്ള മനുഷ്യരിൽ പുരോഗതികാണാറുണ്ട്. അറിവും ചിന്തയുമില്ലാത്ത മനുഷ്യ രെന്നും ജോതിഷുകളുടെ വലകളിൽ കുരുങ്ങി അല്ലെങ്കിൽ അന്ധമായ ജാതി രാഷ്ട്രീയത്തിൽ ജീവിതം നരക തുല്യമാക്കുന്നു. ഇന്ത്യയും കേരളവും നേരിടുന്ന ശാപമാണിത്. നമ്മൾ ധാരാളം മണ്ടന്മാരെ കണ്ടിട്ടുണ്ട്. എന്നാൽ സ്വയം മണ്ടനാണോ എന്നറിയാൻ വളരെ പ്രയാസമാണ്. എന്തുകൊണ്ടെന്നാൽ മനസ്സിൽ അന്തർലീനമായിരി ക്കുന്നത് അനീതി, വഞ്ചന, കളവ്. അക്രമം, അപകീർത്തിപ്പെടുത്തുക, വർഗ്ഗീയത, അന്ധവിശ്വാങ്ങളാണ്. നിയമങ്ങൾ രാഷ്ട്രീയമായി, മതമായി വളർന്നാൽ അത് ബുർഷ്വാസികളുടെ രാഷ്ട്രീയ താല്പര്യങ്ങളാണ് സംരക്ഷി ക്കപ്പെടുന്നത്. പൊതുവർഗ്ഗ താല്പര്യമല്ല. ഇന്ത്യയിലെ പോലീസ് വകുപ്പുകൾ പരിശോധിച്ചാൽ സ്വകാര്യതാല്പ രൃങ്ങൾക്ക് വേണ്ടി നിയമങ്ങളെ ബലിയാടാക്കുന്നു. പലപ്പോഴും നിരപരാധികൾക്ക് നീതി ലഭിക്കുന്നില്ല. അധി കാരികളുടെ തണലിൽ കുറ്റവാളികൾ രക്ഷപെടുന്നു. രാഷ്ട്രീയക്കാർ പറയുന്നതുപോലെ കൂട്ടിലടച്ച തത്തകളെ പാവപ്പെട്ട മനുഷ്യരുടെ നികുതിപ്പണം കൊടുത്തു തീറ്റിപ്പോറ്റുന്നു. നമ്മൾ പോലീസുകാരെ പലപ്പോഴും കുറ്റപ്പെടുത്താറുണ്ട്. അധികാരത്തിലിരിക്കുന്ന അധികാരകച്ചവടഭ്രാന്തുള്ളവർ പറയുന്നത് അനുസരിക്കാനേ നിയമപാലകർക്ക് സാധിക്കു. ആകെയുള്ള ഒരാശ്രയം കോടതികളാണ്. കോടതികൾ മനുഷ്യരുടെ മേൽ നട ത്തുന്ന ഈ അധികാരകയ്യേറ്റത്തെ, ചൂഷണത്തെ, പീഡനത്തെ വെല്ലുവിളിക്കാൻ തയ്യാറാകണം. ആ കർത്തവ്യ ബോധം എത്രപേരിലുണ്ട്? നമ്മുടെ നിയമവ്യവസ്ഥിതി കൂടുതൽ വിഫലവും വികടവും ദുരന്തപൂർണ്ണമാക്കു ന്നത് ആരാണ്? നീതിനിഷേധം നടത്തുന്നവരെ എന്തുകൊണ്ടാണ് അധികാരത്തിൽ തുടരാൻ അനുവദിക്കു ന്നത്? നിയമവകുപ്പുകൾ തള്ളപ്പെട്ട വരുടെ, നിന്ദിതരുടെ, പാവങ്ങളുടെ രോദനം കേൾക്കുന്നുണ്ടോ?

സിലോണിൽ നിന്ന് ധാരാളം അടിമകളെ ഇറക്കുമതി ചെയ്തപ്പോൾ ബ്രിട്ടീഷ്കാർ 1792-ൽ മലബാ റിലും 1811-ൽ റാണി ലക്ഷ്മീഭായി തമ്പുരാട്ടി തിരുവിതാംകൂറിലും അടിമത്വം അവസാനിപ്പിച്ചു. അന്ന് അടിമ കളെ ജോലിക്ക് ഉപയോഗിച്ചതുപോലെ നമ്മുടെ പോലീസ്സേനയെ അധികാരത്തിലിരിക്കുന്നവർ അടിമകളാക്കുന്നുവെങ്കിൽ ഇന്ത്യൻ ഭരണഘടന, സുപ്രിം കോർട്ടടക്കം നിർണ്ണായക ശക്തികളായി മാറുകയും പോലീസ് സേനയെ നിയന്ത്രിക്കാനുള്ള അവകാശം നേടുകയും വേണം. നിയമവകുപ്പുകൾ കോടതിയുടെ നിയന്ത്രണ ത്തിലായാൽ നിയമങ്ങളെ അട്ടിമറിക്കാൻ അവസരം ലഭിക്കില്ല. ചില ന്യായാധിപന്മാർ അധികാരികളുടെ ഇച്ഛക്ക് വഴങ്ങി അവരുടെ വ്യക്തിത്വം അടിയറവെച്ചത് വാർത്തകളിൽ കണ്ടിട്ടുണ്ട്. ഭരണവർഗ്ഗത്തിന്റെ താളത്തിന് വഴങ്ങുന്നവർ നിയമവകുപ്പിന് തന്നെ അപമാനമാണ്. ഈ കൂട്ടർ സിലോണിൽ നിന്ന് വന്നവരുടെ തലമുറ യാണോ? ഒരു രോഗിയുടെ മുറിവുകൾ ഡോക്ടർക്ക് ഉണക്കാമെങ്കിൽ കുറ്റവും ശിക്ഷയും നടപ്പാക്കാൻ ശാശ്വത മായ പരിഹാരം കാണാൻ സമർത്ഥരായ ന്യായാധിപന്മാർക്ക് സാധിക്കും. അങ്ങനെയെങ്കിൽ പോലീസ് സ്റ്റേഷൻ, കോടതികൾ ആരാധനാകേന്ദ്രങ്ങളായി മാറും. നിയമവും നിയമപാലകരും അടിമകളായി മാറിയാൽ സമൂഹ ത്തിൽ അരാജകത്വം വർദ്ധിക്കും. അത് നിരപരാധികളുടെ ഹൃദയത്തെ മുറിവേല്പിക്കുക മാത്രമല്ല മനസ്സിന്റെ വിങ്ങലുകൾ ഒരിക്കലും മാറുകയില്ല. നിയമങ്ങളെ ഹൃദയത്തോടെ ചേർത്തുവെച്ചിരിക്കുന്ന പാശ്ചാത്യ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങളെ കണ്ടുപഠിക്കുക. അധികാരത്തിലിരിക്കുന്നവർ നിയമ വാഴ്ചയിൽ ഇടപെട്ടാൽ പ്രധാനമന്ത്രിയായാലും ആ കസേരയിൽ ഒരു നിമിഷംപോലുമിരിക്കില്ല. ഇന്ത്യയിൽ അടിമത്വം ഭരണത്തിലു മുണ്ട്. വളരെ സമർഥമായി മറ്റുള്ളവരെ കബളിപ്പിച്ചുകൊണ്ട് നിർഭയമായി മരണനിദ്ര പ്രാപിക്കുന്നതുവരെ അധികാരത്തിൽ തുടരുന്നു. യുവമിഥുനങ്ങൾക്ക് അവസരം കൊടുക്കില്ല. വികസിത രാജ്യങ്ങളിൽ മരണം വരെ അധികാരത്തിലിരിക്കുന്ന ഭരണാധിപന്മാരുണ്ടോ? ബ്രിട്ടീഷ് പ്രധാനമന്ത്രി കോവിഡ് കാലത്തു ഒരു മദ്യവി രുന്നിൽ പങ്കെടുത്തതിന് അധികാരം തെറിക്കുമോയെന്ന് എല്ലാവരും ഭയന്നു. ഭാഗ്യവശാൽ വോട്ടെടുപ്പിൽ പുറത്തായില്ല. ആനന്ദലഹരിയിൽ അധികാരം ഉത്സവമാക്കി കഴിയുന്നവർ ഉദാത്തമായ മനസ്സിനുടമകളാകണം. ജനങ്ങൾ കപ്പം കൊടുത്തുകഴിയുന്നവരോ പൊലീസിന് മുന്നിൽ കൂപ്പുകൈയുമായി നിൽക്കേണ്ടവരോ അല്ല. രാജ്യമെങ്ങും അനീതിയും, അഴിമതിയും, ജാതിചിന്തകളും പത്തിവിരിച്ചാടുന്നത് നിയമസംഹിതയുടെ അഭാവം കൂടിയാണ്. പലപ്പോഴും അക്രമത്തിനും മറ്റും ഇരകളാകുമ്പോൾ തുല്യനീതി, അവകാശം നിഷേധിക്കപ്പെടുന്നു. ഇത് സാഹിത്യ സാംസ്ക്കാരിക രംഗത്തും കാണാറുണ്ട്.സമൂഹത്തിന്റെ ഉൾത്തുടുപ്പുകളായി സത്യവും നീതിയും നിലനിർത്താൻ നിയമവകുപ്പുകൾ ശക്തമായി മുന്നിട്ടിറങ്ങിയാൽ ആരും ആരുടേയും അടിമകളാ കില്ല. സത്യസന്ധമല്ലാത്ത മരവിച്ച മനസ്സുമായി അടിമകളായി ജീവിക്കാൻ നമ്മൾ ആരുടേയും ചുമടുതാങ്ങികളല്ല എന്നോർക്കുക.

കവിത



വിജയശ്രീ രാജീവ്

## കരയാൻ മറന്നവർ

ജീവിതമാം നരകത്തിന്റെ നിലയില്ലാക്കയത്തിൽ
മുങ്ങിത്താഴുമ്പോഴാണവൾ
സഹായത്തിനായ്
വിതുമ്പിക്കരഞ്ഞത്.

തനിക്കു നേരെ നീട്ടിയ കൈ
മുറുകെ പിടിക്കുമ്പോൾ
മരിച്ചു ജീവിച്ച പ്രാണന്റെ
ആശ്വാസത്തുടിപ്പവളറിഞ്ഞു.

രക്ഷിച്ചതിൻ നന്ദി ചൊല്ലുവാൻ
തുനിയവെ
രക്ഷിച്ചവന് നന്ദി വേണ്ടെന്ന നല്ല വാക്കിൽ മനസ്സിൽ
നന്മമരം നട്ടു.

ദിനങ്ങൾ കൊഴിയവെ
നന്മ മരത്തിൻ നിറഭേദങ്ങൾ
കണ്ടവൾ വിറങ്ങലിച്ചു.

നന്മയുടെ അവസാന ഇലയും
കൊഴിച്ച് വിഷ വേരുകളാൽ
മുറുകെ പുണർന്നാമരമവളെ ശ്വാസംമുട്ടിച്ച നേരം

തിരികെ കിട്ടിയ ജീവിതം
തിരയിലേക്കെറിയുവാൻ ഒരുങ്ങവെ
പഠിച്ചുവെച്ചൊരേയൊരു പാഠം
ഒരിക്കലും കരയരുതെന്ന പാഠം

വ്യക്തി പരിചയം

## തൊണ്ണൂറ്റിയേഴ് കൃതികളുടെ കർത്താവായ അബ്ദുള്ള പേരാമ്പ്ര



മിനി സജി



കവി, ഗദ്യകാരൻ, വിവർത്തകൻ, ബാലസാഹിത്യകാരൻ, കോളമിസ്റ്റ് എന്നീനിലകളിൽ ശ്രദ്ധേയൻ. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയ്ക്കടുത്ത് മരുതേരി ഗ്രാമത്തിൽ ജനനം.

നെൽബാരിയിലെ അമ്മ എന്ന ബാലനോവൽ കുട്ടികൾക്കുള്ള സിനിമയായിട്ടുണ്ട് . പതിനഞ്ച് വർഷക്കാലം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഗൾഫ് രാജ്യങ്ങളിലും പ്രവാസജീവിതം നയിച്ചു.

കവിതകൾ ഇംഗ്ലീഷ് തമിഴ് ഭാഷകളിലേക്കും ബാലസാഹിത്യകഥകൾ തമിഴിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കവിതകൾക്ക് മാധ്യമപുരസ്കാരം, അറ്റ്ലസ് കൈരളി അവാർഡ് ,ദുബായ് മലയാളി സമാജം അവാർഡ് ,കല അവാർഡ് ,ടി .ഉബൈദ്പുരസ്കാരം, ബി ആർ അബേദ്കർ പുരസ്കാരം, ടി .ആർ അയ്യപ്പൻ മാസ്റ്റർ പുരസ്കാരം, ലെനിൻ ഇറാനി പുരസ്കാരം, കുഞ്ഞുണ്ണിമാഷ് പുരസ്കാരം എന്നിവയും ബാലസാഹിത്യത്തിന് പ്രഥമ പടിയത്ത് അവാർഡ് 'പുല്ലാർക്കാട് ബാബു പുരസ്കാരം, ഏഷ്യാനെറ്റ് അവാർഡ്, എം ഗോവിന്ദൻ വൈജ്ഞാനിക സാഹിത്യപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. പെൺകുട്ടി ഒരു ചിത്രശലഭമാകുന്നു (കവിതാ സമാഹാരം) ഡി.സി. ബുക്സ്. ലേബർ ക്യാമ്പ് (നോവൽ)പ്രവാസ ജീവിതത്തിന്റെ അനുഭവസാക്ഷ്യം. ജീവിലോകത്തെ വിശേഷങ്ങൾ (ശാസ്ത്രം) ചിന്ത പബ്ലിഷേഴ്സ് .ഈ പുസ്തകത്തിന് പുല്ലാർക്കാട്ട് ബാബു ബാലസാഹിത്യ പുരസ്കാരം ലഭിച്ചു. തീക്കടൽ കടഞ്ഞെടുത്ത കവിതകൾ (വിവർത്തന കവിതകൾ) ഐ.പി.ബി. ബുക്സ്.മാധ്യമം പുരസ്കാരം. അണ്ണാറക്കണ്ണന്റ ആകാശയാത്ര (കഥകൾ) തൃശൂർ കറൻറ് ബുക്സ്. ആഴിക്കടിയിലെ അൽഭുതലോകം ( പുനഃരാഖ്യാനം) മാതൃഭൂമി ബുക്സ്.ബാലസാഹിത്യത്തിനുള്ള പ്രഥമ പടിയത്ത് അവാർഡ്. അറിവിന്റെ ലോകം ( വൈജ്ഞാനിക സാഹിത്യം ) ഐ ബുക്സ് ഈ 'പുസ്തകത്തിന് എം.ഗോവിന്ദൻ പുരസ്ക്കാരം. കൂടാതെ സമഗ്ര സംഭാവനയ്ക്ക് അംബേദ്ക്കർ പുരസ്കാരം, കുഞ്ഞുണ്ണിമാഷ് കവിതാപുരസക്കാരം തുടങ്ങി മുപ്പതിലധികം അവാർഡുകൾ മൂന്ന് പുസ്തകങ്ങൾ അച്ചടിയിലാണ്.

കവിത



പ്രസീന അനൂപ്

## അവളും അടുക്കള ഡബ്ബകളും

അടുക്കളകൾക്ക് സംസാരിക്കാനാകുമായിരുന്നെങ്കിൽ
അവളെ കുറിച്ച് പറയുമായിരുന്നേറെ.
ജോലിഭാരത്താൽ മനംമടുക്കുമ്പോളും
പെണ്ണിനേറെയിഷ്ടം അടുക്കളയോട് തന്നെ.

അടുപ്പിനോടും അരിക്കലത്തോടും
നോവും സൗഖ്യങ്ങളും പങ്ക് വെക്കുമവൾ
അടുക്കളയെന്ന ചതുരക്കുപ്പിയിൽ
ഉപ്പിലിട്ട് വെച്ച സ്വാദേറും വിഭവമാണവൾ

ചിരവയോടും തവികളോടും ഡബ്ബയോടും
തന്റെ നോവറിയിക്കാറുണ്ടവ ൾ.
ആരുമറിയാതെ തന്റെ സങ്കടങ്ങളിട്ടടച്ചുവച്ച
എത്രയെത്ര ഡബുകളാണവളുടെ അടുക്കളയിൽ

മുളകിനാലെരിഞ്ഞ ദിനങ്ങൾ
ഉള്ളിയാൽ കരഞ്ഞുപോയ സന്ദർഭങ്ങൾ,
കയ്പ്പും ചവർപ്പും മടുപ്പും തോന്നിയ
എത്രയെത്ര മുഹൂർത്തങ്ങൾ

വേവാത്ത ചോറിനോടും കറികളോടും
പരിഭവം പറഞ്ഞാശ്വസിക്കുമവൾ,
അടുക്കളയ്ക്ക് മാത്രമറിയാവുന്ന രഹസ്യമത്.
എത്രയോ കുഞ്ഞു ഭരണികളിൽ

നോവും സന്തോഷങ്ങളും തരത്തിനൊത്തടുക്കി
വെക്കാൻ മിടുക്കിയാണവൾ.
വീടിന് നെടുംതൂണാണവൾ
നിറദീപമാണവൾ വീടിനാധാരശിലയാണവൾ.

അവളില്ലാത്ത നാളുകളിൽ ചേതനയറ്റ്
പോകുമാ ഗൃഹം തിരിച്ചവളെത്തുവോളം
ശ്മശാന സമാനമാകുമവിടം

## നല്ലൂർ മഴവില്ല് റസിഡന്റ്സ് അസോസിയേഷൻ

ഫറോക്ക് : നല്ലൂർ മഴവില്ല് റസിഡന്റ്സ് അസോസിയേഷൻ വാർഷിക പൊതുയോഗം നടത്തി. യോഗത്തിൽ പി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പി സജി സ്വാഗതം പറഞ്ഞു പുതിയ ഭാരവാഹി കളായി പി.രാധാ കൃഷ്ണൻ (പ്രസിഡന്റ്) മാട്ടു പുറത്ത് കൃഷ്ണൻ, ടി.ശശി (വൈസ് പ്രസിഡന്റ്) ഇ.രഘു, പി 'വിഷ്ണു (ജോ' സി ക്രട്ടറി) ലീലാദേവി ശശി ( ട്രഷറർ) വനിതാ വിഭാഗം പ്രസിഡൻറ് വി.ഷൈമ, സിക്രട്ടറി എ.പ്രഭ, യൂത്ത് കോഡിനേറ്റർ, കാശിനാഥ്, എ.ഗോകുൽ കൃഷ്ണ എന്നിവരെ തിരഞ്ഞെടുത്തു ഷൈമ നന്ദി രേഖപ്പെടുത്തി.



പി.രാധാകൃഷ്ണൻ



പി സജി

## പുതിയ ഓഡി എ 8 എൽ വിപണിയിൽ

കൊച്ചി: ജർമൻ ആഡംബര കാർ നിർമാതാക്കളായ, ഓഡി ഫ്ളാഗ് ഷിപ്പ് സെഡാനിൽ, പുതിയ ഓഡി എ 8 എൽ അവതരിപ്പിച്ചു. 340 എച്ച് പി പവറും 500 എൻ എം ടോർക്കും നൽകുന്ന, ഹൈബ്രിഡ് പെട്രോൾ എഞ്ചിൻ കരുത്തു പകരുന്ന പുതിയ ഓഡി 5.7 സെക്കണ്ടിൽ മണിക്കൂറിൽ 100 കിലോമീറ്റർ വേഗത കൈവരിക്കുന്നു.



വീതിയേറിയ സ്പോർട്ടിയർ സിംഗിൾ ഫ്രെയിം ഗ്രില്ലും ഇന്റ്ഗ്രേറ്റഡ് ക്രോം ആംഗിളുകളും സഹിതം നവീകരിച്ച എക്സ്റ്റീരിയർ ഡിസൈനാണ് വാഹനത്തിനുള്ളത്. ആഡംബരത്തിന്റെയും കംഫർട്ടിന്റെയും പ്രതീകമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ആഡംബരം നിറഞ്ഞ ഉൾവശം.

ആനിമേഷനോടു കൂടിയ ഡിജിറ്റൽ മാട്രിക്സ് എൽഇഡി ഹെഡ്ലൈറ്റുകൾ, സവിശേഷ ടെയ്ല് ലൈറ്റ് സിഗ്നേച്ചറുകളോട് കൂടിയ ഒഎൽഇഡി റിയർ ലൈറ്റുകൾ, പ്രെഡിക്ടീവ് ആക്ടീവ് എയർ സസ്പെൻഷൻ, ഡൈനാമിക് ഓൾവീൽ സ്റ്റിയറിംഗ്, 360 ഡിഗ്രി ക്യാമറകളുള്ള പാർക്ക് അസിസ്റ്റ് പ്ലസ് തുടങ്ങിയ മികച്ച സാങ്കേതിക സവിശേഷതകളാണ് വാഹനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സെലിബ്രേഷൻ എഡിഷൻ, ടെക്നോളജി എന്നീ രണ്ട് വേരിയന്റുകളിൽ ലഭ്യം. 5 സീറ്ററായാണ് പുതിയ ഓഡി എ 8 എൽ സെലിബ്രേഷൻ എത്തുന്നത്. ഉപഭോക്താവിന്റെ അഭീഷ്ടങ്ങൾക്കനുസൃതമായാണ് പുതിയ വാഹനങ്ങളുടെ രൂപകല്പനയെന്ന് ഓഡി ഇന്ത്യ മേധാവി ബൽബീർ സംഗ് ധില്ലൻ പറഞ്ഞു. വില ഓഡി സെലിബ്രേഷൻ പതിപ്പിന് 12,900,000 രൂപയും ടെക്നോളജി പതിപ്പിന് 15,700,000 രൂപയുമാണ്.

5 വർഷത്തെ വാറന്റി ഉണ്ട്. ഇത് ഏഴുവർഷം വരെ ദീർഘിപ്പിക്കാം. 5 വർഷത്തെ റോഡ് സൈഡ് അസിസ്റ്റൻസ് 10 വർഷം വരെ ദീർഘിപ്പിക്കാം. മൂന്നുവർഷത്തെ സമഗ്ര സർവീസ് പാക്കേജും ഉണ്ട്.

## കാണാതായ മത്സ്യത്തൊഴിലാളിയെ തിരയാൻ നേവിയുടെ ഹെലികോപ്ടറും

കോഴിക്കോട് : മൂടാടിയിൽ കഴിഞ്ഞ ദിവസം കാണാതായ മത്സ്യത്തൊഴിലാളിക്കു വേണ്ടിയുള്ള തിരച്ചിലിനായി നേവിയുടെ ഹെലികോപ്ടറുമെത്തിച്ചു. തിരച്ചിലിനായി ഇന്നലെ കോസ്റ്റ് ഗാർഡിന്റെ ഒരു കപ്പൽ കൂടി സംഭവസ്ഥലത്തെത്തിയിരുന്നു.

നേവിയുടെ ഹെലികോപ്ടറും, മത്സ്യത്തൊഴിലാളികളും തിരച്ചിലിന് നേതൃത്വം നൽകി. കടൽ പ്രക്ഷുബ്ധമായതിനാൽ രാത്രിയോടെ തിരച്ചിൽ നിർത്തിവെച്ചു.

ഉരുപുണ്യകാവ് ക്ഷേത്രത്തിന് സമീപം മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തിയ തോണി മറിഞ്ഞ് മുത്തായത്ത് കോളനിയിലെ ഷിഹാബിനെ ആണ് കാണാതായത്.

മത്സ്യബന്ധനം കഴിഞ്ഞ് കരയ്ക്കടുക്കാറായപ്പോൾ തോണി തലകീഴായി മറിയുകയായിരുന്നു. മൂന്ന് പേരാണ് തോണിയിലുണ്ടായിരുന്നത്. രണ്ടു പേർ നീന്തി രക്ഷപ്പെട്ടിരുന്നു.

കവിത



മിനി സജി

## ഒറ്റപ്പെടലിന്റെ ഉള്ളുരുക്കങ്ങൾ

വലിയ വീട്ടിലെ സുന്ദരിയായ
അമ്മിണിയെന്തിനാണ്
പണിക്കുപോയത്?
തുമ്പിക്കൈവണ്ണം
പെയ്യുന്ന മഴനനഞ്ഞിട്ടും;
അവളിൽ വിയർപ്പു പൊടിയുന്നല്ലോ ?!

ഉള്ളുവെന്ത്,
പുറം നനഞ്ഞ്,
കൊടുവാളാഞ്ഞുവീശുമ്പോൾ,
കടന്നൽകൂട്ടങ്ങൾ
ചുറ്റുംപാറിനടന്നു.
കുത്തേറ്റ ശരീരമാകെ വികൃതമായി.
മാനക്കേടോർത്തു
പണിക്കുപോകാതായി.

അവളിൽ നിന്നുതെന്നിമാറിയ
അവറാച്ചനിപ്പോഴും
തണുപ്പില്ലാത്ത പുതുമഴ നനയുകയാണ്.
ജീവതത്തിന്റെ ചുരമിറങ്ങുമ്പോൾ,
ഇഷ്ടമുള്ള പൂവുകളിൽ നിന്നവൻ
തേൻനുകരുകയാണ് .

റ്റെ മകനെ പ്രസവിച്ച ഗർഭപാത്രം.
നോവുമാറാതെ
വിങ്ങുന്നതാരറിയാൻ!
രാത്രിയുടെ നീളമളന്നവൾ
ടിക്കറ്റെടുക്കാതൊരു മടക്കയാത്ര..
ഒടുവിലാപത്രവാർത്ത കണ്ടിട്ടും; കരഞ്ഞില്ലവൾ.
ചാനലിൽത്തിളങ്ങിയ ഫോട്ടോകളൊക്കെ
ഇടിമിന്നലുകളായ് വന്നലച്ചു!

കൊടുവാളുണ്ടായിട്ടും;
ഒറ്റപ്പെടലിലവൾ
ഒറ്റമുറി വരാന്തയിൽ
കാത്തിരിപ്പാണിപ്പോൾ.
കടന്നലാണെങ്കിലും മതി,
കഞ്ഞികുടി മുട്ടാതിരിക്കട്ടെ..!


രേഖകൾ നഷ്ടപ്പെട്ടോ... തിരിച്ചുകിട്ടാൻ

പരസ്യം നൽകാം

ന്യൂസ്കേരള
മലയാള ദിനപത്രം
News Kerala Daily

സാസ് ടവർ, മിനി ബൈപാസ് ജംഗ്ഷൻ, മീഞ്ചന്ത, കോഴിക്കോട് - 673 018

വസ്തുപ്രമാണം • സർട്ടിഫിക്കറ്റുകൾ • മറ്റ് രേഖകൾ...
വിവാഹ മോചനം • ഫസ്ഖ് • പേര് മാറ്റം തുടങ്ങിയ
ക്ലാസിഫൈഡ് പരസ്യങ്ങൾ മിതമായ നിരക്കിൽ

കോഴിക്കോട് : 9995 093 491 , 9847 007 126
കണ്ണൂർ : 7012 252 195
തിരുവനന്തപുരം: 9447 792 155
എറണാകുളം : 9746 740 555
കൊല്ലം : 9947 381 422

# സാഗി പദ്ധതി: അത്തോളി, പെരുവയൽ ഗ്രാമപഞ്ചായത്തുകളുടെ വില്ലേജ് ഡവലപ്പ്മെന്റ് പ്ലാനിന് അന്തിമാനുമതി

കോഴിക്കോട് : സൻസദ് ആദർശ് ഗ്രാമ യോജന (സാഗി) യുടെ ഭാഗമായി എം.കെ. രാഘവൻ എം.പി ദത്തെടുത്ത അത്തോളി, പെരുവയൽ ഗ്രാമപഞ്ചായത്തുകളുടെ ?ഗ്രാമ വികസന പദ്ധതിക്ക് (വില്ലേജ് ഡവലപ്പ്മെന്റ് പ്ലാൻ) അന്തിമാനുമതിയായി. ഇരു പഞ്ചായത്തുകളിലുമായി 90 വീതം പദ്ധതികൾക്കാണ് അനുമതി നൽകിയത്. എം.കെ. രാഘവൻ എം.പിയുടെ അധ്യക്ഷതയിൽ മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കലക്ടർ ഡോ. എൻ. തേജ് ലോഹിത് റെഡ്ഡി മുഖ്യപ്രഭാഷണം നടത്തി.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇൻഷൂറൻസ് ഉൾപ്പെടെയുള്ള പദ്ധതികളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കണമെന്ന് എം.കെ. രാഘവൻ എം.പി പറഞ്ഞു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഹാൻഡ് ബുക്ക് ഓരോ പഞ്ചായത്തുകളും തയ്യാറാക്കണമെന്നും എം.പി നിർദേശിച്ചു. ഐ.ഐ.എം, എൻ.ഐ.ടി, ലീഡ് ബാങ്ക്, സി.ഡബ്ല്യൂ.ആർ.ഡി.എം എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ പഞ്ചായത്തുകൾക്ക് പൂർണ്ണ പിന്തുണ നൽകുമെന്ന് യോഗത്തിൽ അറിയിച്ചു.

കേന്ദ്രസർക്കാരിന്റെ പ്രത്യേക മാതൃകാ ഗ്രാമവികസന പദ്ധതിയാണ് 2014ൽ ആരംഭിച്ച സൻസദ് ആദർശ് ഗ്രാമ യോജന (സാഗി). സാമ്പത്തിക, സാമൂഹ്യ, വ്യക്തി മനുഷ്യ വിഭവ ശേഷി, പാരിസ്ഥിതിക, അടിസ്ഥാന സൗകര്യം ഉൾപ്പെടെ, സാമൂഹ്യ സുരക്ഷ, സദ്ഭരണം എന്നിവയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതിയിലേക്ക് പാർലമെന്റ് അംഗങ്ങളാണ് ഗ്രാമപഞ്ചായത്തുകളെ നിർദ്ദേശിക്കുന്നത്.

കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി, ദത്തെടുത്ത ഗ്രാമത്തെ എല്ലാ മേഖലകളിലും ഒരു മാതൃകാ ഗ്രാമം ആയി മാറ്റുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ഫേസ് 5, 6 എന്നിവയിലേക്ക് കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ എം.കെ. രാഘവൻ എം.പി നിർദേശിച്ച പഞ്ചായത്തുകളാണ് അത്തോളിയും, പെരുവയലും.

സാഗിയുടെ ഭാഗമായി വികസനപ്രശ്നങ്ങളെ മനസ്സിലാക്കാനുള്ള സർവേ ഓരോ പഞ്ചായത്തുകളിലും നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ വികസനം ആവശ്യമുള്ള മേഖലകളെ കണ്ടെത്തി വിവിധ പദ്ധതികൾ തയ്യാറാക്കും. ഇതിന്മേലുള്ള ചർച്ചകൾക്കു ശേഷമാണ് പദ്ധതികൾക്ക് അന്തിമാനുമതി നൽകുന്നത്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, പരിസ്ഥിതി, ഉപജീവനമാർഗ്ഗം മുതലായ വിവിധ മേഖലകളിലൂടെ ഗ്രാമത്തിന്റെ സംയോജിത വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ചടങ്ങിൽ എം.ജി.എൻ.ആർ.ഇ.ജി ജോ. പ്രോഗ്രാം കോ ഓർഡിനേറ്റർ മുഹമ്മദ് ജാ, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബു നെല്ലൂളി, പഞ്ചായത്ത് പ്രസിഡന്റുമാരായ ഷീബ രാമചന്ദ്രൻ, സുഹറബി, ലീഡ് ഡിസ്ട്രിക് മാനേജർ മുരളീധരൻ, സാഗി കോ ഓർഡിനേറ്റർ ബാബുരാജ്, ഗ്രമപഞ്ചായത്ത് ചാർജ് ഓഫീസർമാരായ രജനി പുല്ലാനിക്കാട്ട്, നജീല ഉബൈദുള്ള, ഐ.ഐ.എം അസോ. പ്രൊഫ. അനുഭ എസ്. സിൻഹ, സി.ഡബ്ല്യൂ.ആർ.ഡി.എം സീനിയർ സയിന്റിസ്റ്റ് ജി.കെ. അമ്പിളി, എൻ.ഐ.ടി ഡെപ്യൂട്ടി ഡയറക്ടർ ഡോ. പി.എസ് സതീദേവി, ദാരിദ്ര ലഘൂകരണം വിഭാഗം പ്രൊജക്ട് ഡയറക്ടർ കെ.കെ വിമൽ രാജ് തുടങ്ങിയവർ സംസാരിച്ചു. എല്ലാ ജില്ലാതല ഓഫീസർമാരും, അത്തോളി, പെരുവയൽ പഞ്ചായത്തുകളിലെ ജനപ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.



ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം സംബന്ധിച്ച് ജനപ്രതിനിധികൾക്കുള്ള പരിശീലനം കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഹാളിൽ പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്യുന്നു.

# ഏകോപയോഗ പ്ലാസ്റ്റിക് നിരോധനം പഞ്ചായത്ത് തലത്തിൽ ഉറപ്പുവരുത്തണം – ജില്ലാ കലക്ടർ

കോഴിക്കോട് : ഏകോപയോഗ പ്ലാസ്റ്റിക് നിരോധനം പഞ്ചായത്ത് തലത്തിൽ ഉറപ്പുവരുത്തണമെന്ന് ജില്ലാ കലക്ടർ ഡോ. എൻ. തേജ് ലോഹിത് റെഡ്ഡി.

പ്ലാസ്റ്റിക് നിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണമെന്നും ഇതിന് ഉചിതമായ സ്ഥലം പഞ്ചായത്തുകൾ ആണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആസാദി കി അമൃത് മഹോത്സവിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത്, ശുചിത്വകേരള മിഷൻ, ഹരിത കേരള മിഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർക്ക് ഏകോപയോഗ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിരോധനം സംബന്ധിച്ച് നൽകിയ പരിശീലന പരിപാടിയിൽ സംസാരിക്കുകയായിരുന്നു കലക്ടർ.

പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്തു.

## കർഷക ക്ഷേമനിധി അംഗത്വ രജിസ്ട്രേഷൻ ക്യാമ്പയിൻ

കോഴിക്കോട് : കേരള കർഷക ക്ഷേമനിധി ബോർഡ് അംഗത്വ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ജില്ലാതല ബോധവത്കരണ പരിപാടി ജൂലൈ 16 രാവിലെ ഒൻപത് മണിക്ക് നന്മണ്ട എ.യു.പി. സ്കൂളിൽ നടക്കും. മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി അധ്യക്ഷയാകും. ഇതോടനുബന്ധിച്ച് നടത്തുന്ന സൗജന്യ അംഗത്വ രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്യാൻ താത്പര്യമുള്ള കർഷകർക്ക് നന്മണ്ട കൃഷിഭവനുമായി ബന്ധപ്പെടാം.

# 'എന്റെ തൊഴിൽ എന്റെ അഭിമാനം' ജില്ലയിൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു

കോഴിക്കോട് : കേരള നോളേജ് ഇക്കോണമി മിഷൻ ആരംഭിച്ച എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പരിശീലന പരിപാടി മാനാഞ്ചിറ നളന്ദ ഹോട്ടലിൽ കേരള നോളേജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല ഉദ്ഘാടനം ചെയ്തു.

20 ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ കേരള നോളജ് ഇക്കോണമി മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കില എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ തുടക്കമായാണ് പരശീലനം നടത്തിയത്. കമ്മ്യൂണിറ്റി അംബാസിഡർമാർക്കും മാസ്റ്റർ റിസോഴ്സ് പേഴ്സൺമാർക്കുമായാണ് പരിശീലനം സംഘടിപ്പിച്ചത്.

ആദ്യഘട്ടമായി മെയ് എട്ട് മുതൽ 15 വരെ നടത്തിയ സർവ്വേയിലൂടെ തൊഴിൽ രഹിതരായ 53 ലക്ഷം തൊഴിൽ അന്വേഷകരെ കണ്ടെത്തുകയും ഇവരുടെ പ്രാഥമിക വിവരങ്ങൾ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ തുടർപ്രവർത്തനമായി തൊഴിൽ അന്വേഷകരിൽ 21 മുതൽ 40 വയസ്സിനിടയിൽ പ്രായമുള്ള ബിരുദ, ബിരുദാനന്തര ബിരുദ, ഡിപ്ലോമ, ഐ.ടി.ഐ തൊഴിലന്വേഷകരെയാണ് ആദ്യ ഘട്ടത്തിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് രജിസ്റ്റർ ചെയ്യിപ്പിക്കുന്നത്. തങ്ങളുടെ വിദ്യഭ്യാസ യോഗ്യതയ്ക്കും, അഭിരുചിയ്ക്കും ഇണങ്ങുന്ന തൊഴിൽ ധാതാക്കളെ കണ്ടെത്തുന്നതിനോടൊപ്പം ജോലി ലഭിക്കുന്നതിനാവശ്യമായ പരിശീലനവും ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. ഇതിന്റെ ഭാഗമായി ജൂലൈ 18 മുതൽ 31 വരെ തൊഴിൽ അന്വേഷകർക്കായി പഞ്ചായത്ത്/മുൻസിപ്പൽ പരിധിയിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും ജില്ലാ മിഷൻ കോ ഓർഡിനേറ്റർ അറിയിച്ചു.

ചടങ്ങിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ പി.എം. ഗിരീഷൻ അധ്യക്ഷത വഹിച്ചു. കെ.കെ.ഇ.എം സംസ്ഥാന പ്രോഗ്രാം മാനേജർ ഡോ. സി. മധുസൂദനൻ ക്യാമ്പയിനിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും തുടർപ്രവർത്തനങ്ങളും വിശദീകരിച്ചു. കെ.കെ.ഇ.എം പ്രോഗ്രാം മാനേജർമാരായ ഡയാന തങ്കച്ചൻ, സുമ ദേവി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകളെടുത്തു. കുടുംബശ്രീ ജില്ലാ മിഷൻ പ്രോഗ്രാം മാനേജർ കെ.വി. പ്രഷിത സ്വാഗതവും കുടുംബശ്രീ ബ്ലോക്ക് ലെവൽ ആർ.പി രൂപിത നന്ദിയും പറഞ്ഞു.

# എലിവേറ്റർ നിർമ്മാണമേഖല ശക്തമാക്കും

കൊച്ചി : ഇന്ത്യയിലെ എലിവേറ്റർ, എസ്കലേറ്റേഴ്സ് നിർമ്മാണ മേഖല കൂടുതൽ ശക്തമാക്കാൻ, എലിവേറ്റർ ആൻഡ് എസ്കലേറ്റർ കോംപോണന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ സമഗ്ര പരിപാടികൾ ആവിഷ്കരിച്ചു.

എലിവേറ്റർ വിപണിയിൽ ആഗോളതലത്തിൽ, ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്. ഏഴു ശതമാനമാണ് ആഗോള എലിവേറ്റർ വിപണിയിൽ ഇന്ത്യൻ പങ്കാളിത്തമെങ്കിലും ആഗോള എലിവേറ്റർ കയറ്റുമതി കേവലം 0.25 ആണ്. മദ്രാസ് കൺസൾട്ടൻസി ഗ്രൂപ്പിന്റെ കണക്കുകൾ പ്രകാരം ഇന്ത്യ 300 ദശലക്ഷം ഡോളറിന്റെ എലിവേറ്റർ ഘടകങ്ങളാണ് ഇന്ത്യ ഇറക്കുമതി ചെയ്യുന്നത്. ഇതിന്റെ 65 ശതമാനവും ചൈനയിൽ നിന്നുള്ളതാണ്.

കയറ്റുമതിയിലെയും ഇറക്കുമതിയിലെയും അപാകതകൾ പരിഹരിക്കുന്നതിനായി, ഇന്റർ നാഷണൽ സോഴ്സിങ്ങ് എക്സ്പൊസിഷൻ ഫോർ എലിവേറ്റേഴ് ആൻഡ് എസ്കലേറ്റേഴ്സ് (ഐഎസ്ഇഇ)വിവിധ പരിപാടികൾക്ക് രൂപം നല്കിയിട്ടുണ്ട്. എലിവേറ്റേഴ്സിന്റെയും എസ്കലേറ്റേഴ്സിന്റെയും ആഗോള സോഴ്സിങ്ങ് ഹബ് ആക്കുകയാണ് അതിൽ പ്രധാനം. വ്യവസായത്തിൽ ചൈനയുടെ സ്വാധീനം പരിമിതപ്പെടുത്തുകയാണ് മറ്റൊരു വിഷയം.

ഐഎസ്ഇഇയുടെ ആഭിമുഖ്യത്തിൽ, ഡിസംബർ 1,2,3 തീയതിയിൽ മുംബൈയിൽ എലിവേറ്റർ ഇൻഡസ്ട്രി എക്സ്പോ സംഘടിപ്പിക്കുന്നുണ്ട്. നെസ്കോ ബോംബെ എക്സിബിഷൻ സെന്ററിലാണ് എക്സ്പോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എലിവേറ്റർ, എസ്കലേറ്റർ കമ്പനികൾ എക്സ്പോയിൽ പങ്കെടുക്കും.

എക്സ്പോയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്കായി, എക്സ്പോയുടെ ഔദ്യോഗിക എയർലൈൻ പങ്കാളികളായ ഇൻഡിഗോ, ജൂൺ 27 മുതൽ ജൂലൈ 10 വരെ 15 ശതമാനം ഇളവു പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് priyanka@tak-expo.net or prabodh@tak-expo.net

## ഹൗസ് സർജൻമാരുടെ പരാതികൾ കേൾക്കാൻ സംവിധാനം വേണം: – മനുഷ്യാവകാശ കമ്മീഷൻ

കോഴിക്കോട്: ഹൗസ് സർജൻമാരുടെ ഡ്യൂട്ടി സമയം തീരുമാനിക്കുമ്പോൾ അവശ്യം വേണ്ട വിശ്രമ സമയം അനുവദിക്കണമെന്നും അവരുടെ പരാതികൾ കേൾക്കാനും പരിഹാരം കാണാനും എല്ലാ സർക്കാർ ആശുപത്രികളിലും സംവിധാനം ഒരുക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ.

മെഡിക്കൽ കോളേജുകളിൽ ഇത്തരം സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ.ബൈജു നാഥ് ഉത്തരവ് നൽകി.

24 മുതൽ 48 മണിക്കൂർ വരെ ഹൗസ് സർജൻമാരെ ജോലിക്ക് നിയോഗിക്കുന്നു എന്നാരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.മെഡിക്കൽ വിദ്യാർത്ഥികൾ ഷിഫ്റ്റ് അനുസരിച്ചാണ് ജോലി ചെയ്യുന്നതെന്നും ജോലിയുടെ പേരിൽ ഇവർക്ക് മാനസിക സമ്മർദ്ദം ഉണ്ടാകാറില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

# ജൽശക്തി അഭിയാൻ കേന്ദ്ര സംഘത്തിന്റെ സന്ദർശനം പൂർത്തിയായി

കോഴിക്കോട് : കേന്ദ്രസർക്കാരിന്റെ ക്യാച്ച് ദ റയിൻ ക്യാമ്പയിനുമായി ബന്ധപ്പെട്ട ജൽശക്തി അഭിയാൻ കേന്ദ്രസംഘത്തിന്റെ കോഴിക്കോട് ജില്ലാ സന്ദർശനം പൂർത്തിയായി. ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ രൂപവത്കരിച്ച ജൽശക്തി അഭിയാൻ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുകയായിരുന്നു സന്ദർശനത്തിന്റെ ലക്ഷ്യം. സാമ്പത്തിക മന്ത്രാലയം ഡി.ഐ.പി.എ.എം ഡയറക്ടർ രാഹുൽ ജെയിൻ, കേന്ദ്ര ഭൂ?ജല ബോർഡിലെ ശാസ്ത്രജ്ഞൻ സി. രാജ്കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് മൂന്നുദിവസത്തെ സന്ദർശനം നടത്തിയത്. ജില്ലയിലെ വിവിധ ജലസംരക്ഷണ പദ്ധതികൾ നേരിട്ടു കണ്ട് വിലയിരുത്തി.

ഇന്നലെ ഭൂജല വകുപ്പിന്റെ തുറന്ന കിണർ റീചാർജ്, റീചാർജ് പിറ്റ് എന്നീ ഭൂജല സംപോഷണപദ്ധതികളുടെ സൈറ്റുകൾ സന്ദർശിച്ചു. ചാത്തമംഗലം എ.യു.പി സ്കൂൾ, ചാത്തമംഗലം ഗവ. എ.എൽ.പി സ്കൂൾ, ചൂലൂർ എ.യു.പി സ്കൂൾ തുടങ്ങിയിടങ്ങളാണ് സംഘം സന്ദർശിച്ചത്. മഴവെള്ളം ഉപയോഗിച്ചുള്ള റീചാർജിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ അധികൃതരുമായും കുട്ടികളുമായും സംവദിച്ചു. ഇതേ മാതൃകയിൽ എല്ലാ വീടുകളിലും സംപോഷണ ആശയങ്ങൾ നടപ്പാക്കാൻ രക്ഷകർത്താക്കളെ ബോധവത്കരിക്കണമെന്ന് കേന്ദ്രസംഘം കുട്ടികളോട് പറഞ്ഞു. തുടർന്ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകനയോഗത്തിൽ ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ജില്ലയിൽ വളരെയധികം മഴ ലഭിക്കുന്നുണ്ടെന്നും ഭാവിയിൽ വരൾച്ച ഇല്ലാതിരിക്കാൻ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കണമെന്നും രാഹുൽ ജെയ്ൻ നിർദ്ദേശിച്ചു. അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പിലാക്കുന്ന 75 കുളങ്ങൾ നിർമ്മിക്കുന്ന പദ്ധതി ത്വരിതപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങളും ആശങ്കകളും ചർച്ച ചെയ്തു. ജില്ലാ കലക്ടർ ഡോ. എൻ. തേജ് ലോഹിത് റെഡ്ഡി, ജില്ലാ വികസന കമ്മിഷണർ അനുപം മിശ്ര, ജൽശക്തി അഭിയാൻ നോഡൽ ഓഫീസർ ആൻഡ് ഭൂജല വകുപ്പ് ജില്ലാ ഓഫീസർ ജിജോ വി. ജോസഫ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പുസ്തകവണ്ടിക്ക് സ്വീകരണം നൽകി

കാരപ്പറമ്പ്: കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ കാരപ്പറമ്പ് വേദവാഹിനിയുടെ ആഭിമുഖ്യത്തിൽ പുസ്തക വണ്ടിക്ക് കരുവശ്ശേരി പൊന്മന അയ്യപ്പക്ഷേത്രസന്നിധിയിൽ സ്വീകരണമൊരുക്കി. ചടങ്ങിൽ ശ്രുതി തപൻ സ്വാഗതം പറഞ്ഞു. സന്തോഷ് കുമാർ എം.പി. അധ്യക്ഷനായിരുന്നു.

ചടങ്ങിൽ പുസ്തകത്തിന്റെ ആദ്യകോപ്പി പ്രമുഖ എഴുത്തുകാരി ശ്രീരഞ്ജിനി ചേവായൂരിന് നൽകിക്കൊണ്ട് കരുവശ്ശേരി പൊന്മന അയ്യപ്പക്ഷേത്രം പ്രസിഡണ്ട് ശ്രീധരൻ നായർ കരുവശ്ശേരി ഉദ്ഘാടനം ചെയ്തു. ഗോവിന്ദൻ നായർ, സുകുമാരൻ കെ., സുനിൽ രാജ്, വളപ്പിൽ രാജൻ, ശുഭ പി ചെറുകണ്ടിയിൽ എന്നിവർ ആശംസകൾ നേർന്നു. വത്സൻ നമസ്കാരം പറഞ്ഞു.

## കലാകാരന്മാരുടെ പെൻഷൻ ഉയർത്തണം

കോഴിക്കോട് : കല ഉപജീവനം മാക്കി ജീവിതത്തിന്റെ ഭൂരിഭാഗവും കലക്ക് വേണ്ടി സമർപ്പിച്ച് വാർദിക്ക്യത്തിലെക്ക് പ്രാവേശിക്കുമ്പോൾ ജീവിക്കാൻ കുടുമ്പത്തെ സംരക്ഷിക്കുവാൻ ബുദ്ധിമുട്ടുന്നവർക്ക് ഇപ്പോൾ ലഭിക്കുന്ന പെൻഷൻ അപര്യപ്തമായതിൽ ആയത് 5000 രൂപയാക്കി വർദ്ധിപ്പിക്ക്യണമെന്ന് ഫറോക്കിലെ കലാകാരന്മാരുടെ കൂട്ടായ്മയായ കലാരംഗം ഫറോക്ക് ആവശ്യപ്പെട്ടു യോഗത്തിൽ സി ക്രട്ടറി തിലകൻ ഫറോക്ക് സ്വാഗതവും പ്രസിഡന്റ് പി.രാധാകൃഷ്ണൻ അദ്ധ്യക്ഷതയും വഹിച്ചു യോഗത്തിൽ ഭാനുപ്രകാശ്, വി.മോഹനൻ, കെ.അരവിന്ദാക്ഷൻ, സദു ഫറോക്ക്, സത്യൻഗം, ഗോപാല കൃഷണൻ' ഗം, സുകുമാരൻ ' ങജ ,സദാനന്ദൻ.നല്ലൂർ എന്നിവർ സംസാരിച്ചു


### നഷ്ടപ്പെട്ടു

എന്റെ KL-02-E-4734 -ാം നമ്പർ അംബാസിഡർ കാറിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടിരിക്കുന്നു. കിട്ടിയവർ 10 ദിവസത്തിനുള്ളിൽ എന്നെയോ ഫറോക്ക് ആർ. ടി. ഓഫീസിലോ നല്ലളം പോലീസ് സ്റ്റേഷനിലോ വിവരമറിയിക്കാത്തപക്ഷം ഞാൻ ഡ്യൂപ്ലിക്കേറ്റ് ആർ. സി. ക്ക് അപേക്ഷിക്കുന്നതാണ്.

റിസ്ബിൻ .പി
S/o. മുഹമ്മദ് കുട്ടി
ചെട്ടിയാൻകണ്ടി ഹൗസ്
നല്ലളം പി.ഒ
കോഴിക്കോട് – 673 027



### നോട്ടീസ്

2011 മാർച്ച് വർഷത്തെ 452675 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

എന്ന് (ഒപ്പ്)
സഹീൽ നവാസ് .കെ
S/o. അബ്ദുൽ നവാസ് .കെ
പൂക്കാട്ട് ഹൗസ്
ഒളവണ്ണ പി. ഒ.
കോഴിക്കോട് – 673 019


# കാലവർഷക്കെടുതിയിൽപ്പെട്ടവർക്ക് അടിയന്തിര സഹായം അനുവദിക്കണം – ടി. സിദ്ധിഖ് എം.എൽ.എ

കൽപ്പറ്റ: കാലവർഷക്കെടുതിയിൽപ്പെട്ടവർക്കും, കൃഷി നാശം, വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർ ഉൾപ്പെടെയുള്ളവർക്ക് അടിയന്തിര ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ. ടി. സിദ്ധിഖ് മുഖ്യമന്ത്രിക്ക് നിവേദനം നൽകി. ശക്തമായ മഴയിലും കാറ്റിലും വയനാട് ജില്ലയിൽ 150 ഓളം ഏറെ ഹെക്ടറിൽ കൃഷി നശിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം വരെയുള്ള പ്രാഥമിക കണക്കു പ്രകാരം നൂറു കോടിയോളം രൂപയുടെ നാശനഷ്ടമാണ് ഈ കാലവർഷ ക്കെടുതിയിലുണ്ടായിട്ടുള്ളത്. ഏറ്റവും കൂടുതൽ നാശനഷ്ടം നേരിട്ടത് വാഴ കർഷകർക്കാണ്. 98.06 ഹെക്ടറിലെ രണ്ടരലക്ഷത്തോളം വാഴകളാണ് കനത്ത മഴയിലും, കാറ്റിലും നിലം പൊത്തിയത്. രണ്ടരലക്ഷത്തോളം കുലച്ചവാഴകളും, 45,000 ത്തോളം കുലയ്ക്കാത്ത വാഴകളുമാണ് നശിച്ചത്. വാഴ കർഷകർക്ക് മാത്രം 14.01 കോടിയുടെ നഷ്ടമുണ്ടായി എന്നാണ് കൃഷി വകുപ്പിന്റെ തന്നെ കണ്ടെത്തൽ. യഥാർത്ഥ നഷ്ടം ഇതിലും എത്രയോ വലുതാണ്. തെങ്ങ്, റബ്ബർ, അടയ്ക്ക, കാപ്പി, കുരുമുളക്, ഇഞ്ചി, നെല്ല് എന്നീ കാർഷിക വിളകൾക്കും മഴയിൽ നാശം നേരിട്ടിട്ടുണ്ട്. കാലം തെറ്റിയുള്ള കാലാവസ്ഥ മൂലം കൃഷി ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ് കർഷകർ. മിക്ക കർഷകരും ബാങ്കുകളിൽ നിന്ന് വായ്പയെടുത്താണ് കൃഷിയിറക്കിയിട്ടുള്ളത്.

കാലവർഷക്കെടുതിയിൽ ജില്ലയിൽ രണ്ട് വീടുകൾ പൂർണ്ണമായും, 53 വീടുകൾ ഭാഗീകമായും തകർന്നിട്ടുണ്ട്. വൈത്തിരി താലൂക്കിലാണ് കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. 30 വീടുകളാണ് വൈത്തിരിയിൽ ഭാഗികമായി തകർന്നിട്ടുള്ളത്. കൂടാതെ ഉരുൾപൊട്ടൽ ഭീഷണിയുള്ള മേഖലകളായ പൊഴുതന, വൈത്തിരി, മേപ്പാടി, മൂപ്പൈനാട്, കോട്ടത്തറ, വെങ്ങപ്പള്ളി തുടങ്ങിയ പഞ്ചായത്തുകളിൽ ഏഴോളം ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. സർഫാസി ഉൾപ്പെടെയുള്ള ജപ്തി നടപടികളും, വായ്പ തിരിച്ചടക്കാൻ സാധിക്കാതെ കഷ്ടപ്പെടുന്ന കർഷകന് മഴക്കെടുതി മൂലം ഉണ്ടായ കനത്ത നാശനഷ്ടം ഒരു ദുരന്ത സമാനമായ സാഹചര്യമാണ് സൃഷ്ടിച്ചത്. ഒരു പ്രത്യേക സംഘത്തെ നിയോഗിച്ച് ഈ സാഹചര്യം പഠിച്ച് അടിയന്തിര ധനസഹായം ലഭ്യമാക്കണമെന്നും, മുഴുവൻ നഷ്ടവും നികത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നും, കൃഷി നാശത്തിന്റെ പശ്ചാത്തലത്തിൽ കർഷകർ വിവിധ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള എല്ലാവിധ ലോണുകളിലും പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കുവാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് എം.എൽ.എ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. കൃഷി നശിച്ച കർഷകർക്കും, വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്കും അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനും, വെള്ളം കയറുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ പൂർണ്ണമായും മാറ്റി താമസിപ്പിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം നിവേദനത്തിൽ ആവശ്യപ്പെട്ടു.

## അവാർഡ് ദാനവും എഡ്യുകെയർ പദ്ധതി ഉദ്ഘാടനവും നടത്തി

എളേറ്റിൽ എം ജെ ഹയർ സെക്കന്ററി സ്കൂളിൽ 2021-22 അധ്യയന വർഷം എസ് എസ് എൽ സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് ദാനവും പുതിയ എഡ്യുകെയർ പദ്ധതിയുടെ ഉദ്ഘാടനവും നടന്നു . എസ് എസ് എ യുടെ ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്റർ ഡോ. എ കെ അബ്ദുൽ ഹക്കീം ഉദ്ഘാടനം ചെയ്തു.

പി ടി എ പ്രസിഡണ്ട് ബാബു കുടുക്കിൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ ഹെഡ്മിസ്ട്രസ് എ. നിഷ സ്വാഗതവും എഡ്യുകെയർ കോർഡിനേറ്റർമാരായ സി ഹബീബുറഹ്മാൻ ആമുഖ പ്രസംഗവും എ ഷംസീന നന്ദിയും പറഞ്ഞു. സ്കൂൾ മാനേജർ പി പി ഹബീബുറഹ്മാൻ,പി ടി എ വൈസ് പ്രസിഡണ്ട് യൂസുഫ്, ഹയർ സെക്കന്റണ്ടറി പ്രിൻസിപ്പാൾ എ. മുഹമ്മദ് അലി , ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്സ് ജെ. മിനി,സ്റ്റാഫ് സെക്രട്ടറി ജസീർ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.







BEFORE THE ARBITRATOR OF CENTRAL CHENNAI CHIT FUND CASES COURT, INTREGRATED OFFICE COMPLEX FOR COMMERCIAL TAX & REGISTRATION DEPARTMENT, GROUND FLOOR, VETARINARY HOSPITAL CAMPUS ANNA SALAI, NANDANAM CHENNAI - 600 035

**ARC No. 62/2022**

Sree Gokulam Chit & Finance Company (P) Ltd., No.49, Arcot Road, Kodambakkam, Chennai-24.
- Disputant

**VERSUS**

Faisal Kannoli & Others

To

Faisal Kannoli, (Ist Opponent)
S/o. Pocker Haji
Kannoli House, Ambileri
Near Y M C A, Kalpetta
Wayanad Dist.- 673 121

Safwan Faisal, (2nd Opponent)
S/o. Faisal Kannoli
Kannoli House, Ambileri
Near Y M C A, Kalpetta
Wayanad Dist.- 673 121

Rizwan Faisal, (3rd Opponent)
S/o. Faisal Kannoli
Kannoli House, Ambileri
Near Y M C A, Kalpetta
Wayanad Dist.- 673 121
-Opponents

Take Notice that the above Arbitration case filed by Disputant Company for the recovery of Rs.56,94,189/- together with further interest and case is posted on 04-08-2022.

Therefore you are requested to appear before the learned Arbitrator for Chit Fund Cases ,Central Chennai, Chennai-35 on 04-08-20220 at 11 A.M in person, failing which the above case will be heard and decided Exparte.

G. Ramachandran M. A., M.L.
(Sd/-)
(Advocate)


Regd. No.RN-55193/94, Printer, Publisher and Editor: P. Mohammad Nizar (Responsible for selection of news under PRB Act ) Printed at Red star Printers & Publishers Pvt.Ltd, Joseph Road, Kozhikode- 673032 and Published at 23/516-C 5, 2nd Floor, Saas Tower, Mini Bypass Jn., Meenchantha, Kozhikode - 673 018 , Phone: 0495- 2322138. E-mail: newskeraladaily@gmail.com, newskerala01@yahoo.com